na-

1.

.12.

1882

N12<526908600 021
LS
ubTÜBINGEN
Archivfilm
vorhanden
Willy Beuerle
Buchbinderei
Tübingen

keralōpakāri

# കേരളോപകാരി

## AN ILLUSTRATED MALAYALAM MAGAZINE

(PUBLISHED EVERY MONTH)

Vol. VII. **JANUARY 1880.** No. 1.

### ഒരു വൎഷത്തേക്കുള്ള പത്രികവില ക്രമം.

| | ഉ. | അ. |
|---|---|---|
| മലയാളത്തുള്ള മിഷ്ഷൻ സ്ഥലങ്ങളിൽനിന്നോ, കൊച്ചി, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽനിന്നോ വാങ്ങുന്ന ഓരോ പ്രതിക്കു . . . . | 0 | 12 |
| മംഗലപുരത്തിൽനിന്നു നേരെ ടപ്പാൽ വഴിയായി അയക്കുന്ന ഒരു പ്രതിക്കു . | 1 | 0 |
| അഞ്ചു പ്രതികൾ ടപ്പാൽവഴിയായിട്ടു ഒരേ മേൽവിലാസമായി അയക്കുന്നതായിരുന്നാൽ ടപ്പാൽക്കൂലി ഉൾപ്പെട്ടുള്ള വില . . . . . . . . . | 3 | 12 |
| പത്തു പ്രതികൾ ടപ്പാൽവഴിയായിട്ടു ഒരേ മേൽവിലാസത്തിന്മേൽ അയക്കുന്നതായിരുന്നാൽ, ടപ്പാൽക്കൂലി കൂടാതെയും ഒരു പ്രതി ഇനാമായും സമ്മതിച്ചിട്ടു, പത്തു പ്രതികളുടെ വില മാത്രം . . . . . . . . . | 7 | 8 |

### Terms of Subscription for one year

| | Rs. | As. |
|---|---|---|
| One copy at the Mission Stations in Malabar, Cochin and Travancore. . | 0 | 12 |
| One copy forwarded by Post from Mangalore . . . . . . . . . | 1 | 0 |
| Five copies to one address by post, *free* of postage . . . . . . .. | 3 | 12 |
| Ten copies to one address by post, free of postage, and *one copy free* . | 7 | 8 |

## CONTENTS.


| | | Page. |
|---|---|---|
| 1880ആം ആണ്ടുപിറപ്പു | The New Year 1880 . . . . . . | 1 |
| കീൎത്തനങ്ങൾ | Sacred Songs and Solos . . . . | 2 |
| ഈത്തപ്പന | The Date Palm . . . . . . . | 5 |
| നവലോകാന്വേഷകനായ ക്രിസ്തോഫ് കൊലുമ്പൻ | Christopher Columbus . . . . | 9 |
| സുവിശേഷഗീതം | Bible Poetry (N. T.) . . . . . | 11 |
| വിരുതുടയ വേദചോദ്യങ്ങൾ | Scripture Prize-Questions . . . . | 12 |
| ഒരു കത്തു | Correspondence . . . . . | 13 |
| വൎത്തമാനച്ചുരുക്കം | Summary of News . . . . . . | 14 |


MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1880

THE

# Malayalam Almanac for 1880.

**8mo., 84 pp., 3 As.**

To all who are prepared to undertake the sale of this Almanac the following reductions are offered against ready Cash.

| | Reduced price. | Selling price. | Profit. |
|---|---|---|---|
| 10 Almanacs at a time | Rs. 1-10 | Rs. 1-14 | Rs. 0- 4 |
| 20 do. " " | " 3- 2 | " 3-12 | " 0-10 |
| 30 do. " " | " 4- 8 | " 5-10 | " 1- 2 |
| 40 do. " " | " 5-12 | " 7- 8 | " 1-12 |
| 50 do. " " | " 6-12 | " 9- 6 | " 2- 9 |

Apply to the **Basel Mission Book and Tract Depository, Mangalore** or to the Depôts in **Cannanore, Tellicherry, Chombala, Calicut, Codacal and Palghaut.**

൧൮൮൦ ആമതിലേ

## മലയാള പഞ്ചാംഗം.

വലിയ അഷ്ടമടക്ക. ഭാഗം ൮൪. വില അണ ൩.

മേൽപറഞ്ഞ പഞ്ചാംഗത്തെ പണം റൊക്കം അടക്കി അധികം പ്രതികളായി വാങ്ങി വില്പാൻ മനസ്സുള്ളവൎക്ക താഴേ കാണിച്ചിരിക്കുന്ന തരാതര കിഴിപ്പുകളെ കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

| | വാങ്ങുന്ന വില. | വില്ക്കുന്ന വില. | ലാഭകിഴിപ്പു. |
|---|---|---|---|
| ൧൦ പഞ്ചാംഗം ഒരുമിച്ചു വാങ്ങിയാൽ | ഉ. ൧ ൧൦ | ഉ. ൧ ൧൪ | ഉ. ൦ ൪ |
| ൨൦ " " " | " ൩ ൨ | " ൩ ൧൨ | " ൦ ൧൦ |
| ൩൦ " " " | " ൪ ൮ | " ൫ ൧൦ | " ൧ ൨ |
| ൪൦ " " " | " ൫ ൧൨ | " ൭ ൮ | " ൧ ൧൨ |
| ൫൦ " " " | " ൬ ൧൨ | " ൯ ൬ | " ൨ ൯ |

ഈ കച്ചവടത്തിൽ മനസ്സുള്ളവൎക്ക മംഗലപുരത്തേ ബാസൽ മിശ്ശൻ പുസ്തകശാലയിൽനിന്നോ കണ്ണനൂർ, തലശ്ശേരി, ചോമ്പാൽ, കോഴിക്കോടു, കുടക്കൽ, പാലക്കാടു എന്നീ ബാസൽ മിശ്ശൻ സ്ഥലങ്ങളിൽനിന്നോ. ഇഷ്ടംപോലേ വാങ്ങാം.

# കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. VII. JANUARY 1880. No. 1.


## THE NEW YEAR 1880.

## 1880 ആം ആണ്ടു പിറപ്പു.

Daniel i. ദാനിയേൽ ൧.

ജീവനുള്ള ദൈവത്തിന്റെ ആൎദ്രകരുണകളാൽ മറ്റൊരു വൎഷാരംഭത്തെ കാണേണ്ടതിന്നു ഇടവന്നു. നാം എല്ലാവരും സഞ്ചാരികൾ എന്നു മറക്കേണ്ടാ. യാത്രാവസാനത്തിൽ ശരീരം മണ്ണോടു ചേരുകയും നമ്മുടെ ആത്മാവു സൎവ്വസൃഷ്ടിയെ ന്യായം വിസ്തരിപ്പാൻ അധികാരമുള്ള ദൈവപുത്രനായ യേശുക്രിസ്തന്റെ മുമ്പിൽ ഒരുങ്ങുകയും വേണം. എന്നാൽ അന്നു പൊള്ളരും ചപ്പരും പുല്ലരും പൂതലിച്ചവരുമായിട്ടല്ല ക്രിസ്തനാൽ സാരമാക്കപ്പെട്ടവരായി വിളങ്ങേണ്ടതിന്നു നാം ഈ ദുഷ്ടലോകത്തിൽ നമ്മുടെ മുമ്പിലുള്ള പോരും പാച്ചലും അനിന്ദ്യരായി തികെക്കേണ്ടതു. പൂൎവ്വകാലത്തിൽ ദാനിയേലും മററു മൂന്നു കുലീന ബാല്യക്കാരും അന്യാധീനത്തിൽ ഉള്ള ബദ്ധരായിരിക്കേ നാടോടുമ്പോൾ നടുവേ എന്ന പതിയൻ മനസ്സു നിരസിച്ചു എല്ലാററിൽ ദൈവത്തിന്റെ കല്പനയെയും പ്രസാദത്തെയും പ്രമാണം ആക്കി നല്ല പോർ പൊരുതു ജയിച്ചു തങ്ങളുടെ ഭക്തിയനുസരണങ്ങൾക്കു തക്ക പ്രതിഫലം ലഭിക്കയാൽ നാമും ഇങ്ങനേത്തവരുടെ വിശ്വാസധീരതകളെ കുറിക്കൊണ്ടു അവരിൽനിന്നും ശേഷം സത്യദൈവഭക്തരിൽനിന്നും പഠിച്ചു യേശുക്രിസ്തന്റെ കാൽവടുക്കളിൽ പിഞ്ചെന്നു ഒഴിഞ്ഞുപോകുന്ന ലോകത്തെയും അതിന്റെ മോഹത്തെയും തള്ളി യാചിക്കുന്ന ഏവൎക്കും ദൈവത്തിൽനിന്നു സൌജന്യമായി കിട്ടുന്ന കൃപാമൂലം ദിവ്യപ്രസാദസമ്മതിയുള്ളവരായി തീരേണമേ. അതിന്നായി ഉണ്ടാക്കിയ പാട്ടു എല്ലാവരും ദയയോടെ കൈക്കൊള്ളേണമേ.

# SACRED SONGS AND SOLOS.*

## കീൎത്തനങ്ങൾ.

### 6. STANDING BY A PURPOSE TRUE.

1=♭7 2/4 3 3 2 1 | 5̄ 1 1̄ | 2·3" 2 5̄ | 3·0 | 4 4 4 4 | 4 3 3̄ | 2·5̄" 2 3 | 2·0 ||

അനുപല്ലവി.

3·3" 2 1 | 5̄ 1̄ | 2·3" 2 5̄ | 3·0 | 4·3" 2 1 | 7 6 2͡4 | 3·4" 3 2 | 1·0 ||

അനുപല്ലവി.

ദാന്യേലിൻ ധൈൎയ്യത്തിൽ—ധീരൻ എന്നു നിൽ—
ദൈവധൃക്ഷ്ണ നല്ല കോൽ—ധൈൎയ്യത്തോടു ചൊൽ.

1. അഴക തിരണ്ടയ്യർ—പാരിട വെയ്യോൻ
നല്ലൊളി കെട്ടുത്ത ചൂർ—ബാബലിലെ കോൻ.

2. നിവസിപ്പവർ തദാ—ദാസർ ഒഴികേ
പ്രവസിപ്പതിന്നതാ—ദാസ്യപ്പെട്ടയ്യോ!

3. പരിചർ മന്നന്നായ്—ശോധിച്ചെടുപ്പാൻ
അരിംബദ്ധരെ നന്നായ്-ഷ്ഷണ്ഡൻ അടുത്താൻ

4. അരചകുല വിദ്യ—പാഠം കഴിപ്പാൻ
അരുങ്കുലസ്ഥരദ്യ—പാട്ടിൽ പെടുത്താൻ

5. മധുരഗന്ധദ്രവ്യം—അമൃതം ചെയ്യുവാർ
മദിരമധു-ഗവ്യം—അഭ്കർ ഉണ്ടാർ

6. നൃപതിക്കു ഭൃത്യരിൽ—കൃപയൊടുങ്ങാ
തൃപ്തിയൊന്നും നാലരിൽ—ഏദിവരുത്താ.

7. യെരുശലേം നിണക്കേ—വൈധവ്യം കണ്ടോ
കരുതലർ പിണെച്ചേ—വൈകൃത്യം അയ്യോ!

8. ജനനി വിധവയായ്—ചൂളതനത്താൽ
ജനകൻ ചൊടിയനായ്—ശൂന്യവൃത്തിയാൽ.

9. അമ്മ മണ്ണുപിരണ്ടും—ചാമ്പണിഞ്ഞും
വിമ്മിവിങ്ങി കരഞ്ഞും—കാണുന്നിതെങ്ങും!

10. അരുവയുടെ ദുഃഖം—ഓൎമ്മലവിൽ
അരുതിങ്ങൊരു സുഖം—ഭോജനങ്ങളിൽ.

11. മന്നവനരയററു—എന്നരെപ്പതാർ?
മന്നിലയുററ കൊററു—എന്നെണ്ണുന്നതാർ?

12. പണ്ഡിത വിധിഭംഗം—ഭവിച്ചു എന്നാൽ
ഷണ്ഡനു മൃത്യുസംഗം—ഫലിക്കും ബലാൽ,

13. ഖിന്നതയുടൻ ദന്യേൽ—സ്വാമിൻ, ശ്രവിപ്പിൻ
ഖിന്നത്വം ഭവിക്കില്ലർ—ശ്വാസം കെട്ടുപ്പിൻ!

14. അരുവലർ അങ്ങുന്നേ-നാലരെണ്ണൊല്ലാ
അരചന്നരിശത്തെ—താങ്ങൾ തൊടൊല്ലാ

15. പരനുടെ വിഹിതം—ഉള്ളിൽ നിനെപ്പോർ
നരപതി കല്പിതം—ഒല്ലി നടപ്പോർ.

16. പരനുടെ ധൎമ്മത്തെ—നീതിയുടൻ നോം
ഭരിപ്പതിന്നുള്ളത്തെ—ഠരംടു കൊടുത്തോം.

17. മൊഴിഞ്ഞിതെൻപുരാൻ: തീണ്ടരൽ അകല്പിൻ,
ഒളിവകം ഭവിപ്പാൻ—തീമ ഒഴിപ്പിൻ.

18. പഴുതരുൾക മഹാൻ—ബാലഭക്ഷണം
ഒഴിച്ചിങ്ങു കഴിപ്പാൻ—പാലഭജനം.

19. ഉപ്പുപരിപ്പുപ്പുകൾ—ദാസർക്കു കൊള്ളാം;
തപ്പില്ലൊട്ടും വപ്പികൾ—ആകയില്ല നാം.

20. ഉരക്കല്ലിൽ പൊന്നിൻ ചേൽ—ഠരംരഞ്ചുദിനം
ഇരക്കരുത്തിമ്മെയ്യേൽ—വീഴ്പ്പെടണം.

21. ഉതവിമികം കൎത്താ—ബന്ധുത്വംകൊണ്ടേ
ഉദ്ധരിക്കും ദയയാ—ബന്ധിച്ചവരെ.

22. ഇത്ഥം ഉണൎന്ന ഷണ്ഡൻ—മൊഴിഞ്ഞു മുദാ:
ശ്രദ്ധ പകൎന്നു മന്ദം—വഴിഞ്ഞു ഇതാ.

23. ഷണ്ഡൻ അനുവദിപ്പാൻ—നീ കൊതിച്ച നാൾ
ദന്യ്യനല്ല ഭവിപ്പാൻ—ഠരംശരവശാൽ

24. ബദ്ധർ ചൊന്നു നന്നിയാൽ! അബദ്ധം വരാ!
ബന്ധിച്ച കരുണയാൽ—അഭംഗിതട്ടാ!

25. തനിച്ചിരുന്നഭ്കർ—മൊഴിഞ്ഞു തദാ:
ഒന്നിച്ചു പട നികർ—പോരേണം ഭക്ത്യാ.

26. ഭക്തവത്സപുരാന്നെന്നും ഇങ്ങുന്നേ
യുക്തസ്തുതികൾ വിനാ—നിന്ദയരുതേ!

27. തികഞ്ഞവധി-പുമാൻ-വേഗം വിവരം
വകതിരിഞ്ഞറിവാൻ—വേശിച്ച ഗൃഹം.

28. വണങ്ങി പരിപ്പുകാർ—ഇടത്തു നിന്നാർ;
അടങ്ങി പ്രഥമക്കാർ—വലത്തുറെച്ചാർ.

29. പരിപ്പുതിന്നികളെ-ശോധിച്ച ഷണ്ഡൻ
പരുവം കണ്ടളവേ—ഗോപ്യപ്രസന്നൻ.

bi XIV 131

30. കിണത്തമുകത്തളിർ—ആന്ന ചൂടരിൽ;
കൊഴവുടൽ ഉൾതളിർ—കാരും അഴകിൽ.

31. ഷണ്ഡൻ തെളിഞ്ഞു ചൊന്നാൻ:—പാരിട പുരാൻ
ഖിന്നർ കനിഞ്ഞതു ഞാൻ—പാൎത്തു തൃപ്തിവാൻ.

32. അസ്സൂർ വെന്നികൊണ്ടു-നീ—ഭ്രംശിച്ചെഹോവാ,
നിസ്രോക് വെന്നെന്ന നഹി—ഭ്രമിച്ചുവൃഥാ.

33. ശത്രുഗണം തട്ടപ്പാൻ—പൃച്ഛിച്ച സുരൻ
മിത്രജനം പൊറുപ്പാൻ—വിശ്വസ്ത പരൻ.

34. ഇവക്കുള്ള വധിയെ—മോചനം തന്നേൻ;
ഇച്ഛിച്ച അശനത്തെ—ഭോജ്യം നല്കുവേൻ.

35. നല്ലിരിക്കുള്ള പക്ഷം—മൂന്ന വത്സരം
നലമസ്തു—വിപക്ഷം—ഊനം നിശ്ചയം

36. ബദ്ധർ നന്നിപൊങ്ങവേ-കേട്ടുവണങ്ങി
ഉദ്ധരണം സ്മരിക്കേ—ക്രൂറി തുടങ്ങി:

37. ഇഹപരങ്ങളെങ്ങും-ആളിയരുൾവോൻ
ഇഹത്തിൽ മൎത്ത്യരെന്നും—വാഴും നരക്കോൻ.

38. അവൻ പുനലിന്നചാൽ—ആററിനിറെപ്പോൻ;
തവമനം ദയയാൽ—മാററിവിട്ടന്നോൻ.

39. ഭൃത്യരിൻ ഇളമയെ—പാൎത്തനിത്യനോ
സ്തുത്യ അരുൾ കടലേ—ആട്ടതനല്ലോ.

40. അങ്ങുള്ള അലിവിനാൽ-ആനന്ദപ്പെട്ടോം
ഇങ്ങുള്ള അളുക്കത്താൽ—ആയത്തപ്പെട്ടോം.

41. പരമയരുൾപണ്ടം—കാഴ്ച വേച്ചെന്ന്യേ
പരം വകയിങ്ങൊന്നും—കാട്ടകരുതേ.

42. വിടകൊണ്ട ബദ്ധർ ആ-ബദ്ധനന്ദിയിൽ
ഉടമ പുതുക്കിതാ—വൃത്തസിദ്ധിയിൽ

43. സ്വല്പ ദിനങ്ങൾക്കകം—ആശ്രയം നിന്നോൻ
സഹസ്ര പരദിനം—ആദരം നില്പോൻ

44. അല്പ വിശ്വസ്തയെ—കറിച്ചവനോ
അല്പത്തിൽ ഭക്തിയെ—കുറിച്ചെണ്ണുമോ?

45. അരുപൊഴതിൻ ഫലം—വേണ്ടിച്ചെട്ടപ്പാൻ
കരുണ അനുദിനം—വേണം തുണെപ്പാൻ.

46. നിൎമ്മലന്തിരുമുമ്പിൽ—ആത്മമനസാ
നിൎമ്മലയുണൎച്ചയിൽ—പ്രാൎത്ഥിഞ്ജസാ

47. വിണ്മയ തെറികൾ മാരാൎത്തി നമ്മങ്ങൾ
വിട്ടിങ്ങു കഴിക്കും പ്രാണാൎപ്പണം ഞങ്ങൾ.

48. വ്രതശപഥം നന്നേ—ഏററു കനിഞ്ഞോർ
പ്രതിജ്ഞയൊക്കുംവരേ—നോററുവരഞ്ഞോർ.

49. വന്നട്ടത്തു കറിനാൽ—ഹാസം വരുമോ?
മന്നൻ കട്ടപത്ഥ്യത്താൽ—ശാസിച്ചിട്ടുമോ?

50. ഷണ്ഡൻ അരചന്മുമ്പിൽ—ബാദ്ധ്യസ്ഥൻ നിന്നാൻ
പണ്ഡിതജനങ്ങളിൽ—സാദ്ധ്യം ഉണൎത്താൻ.

51. സിദ്ധി-തിരുമനസ്സിൽ—ഭേദിക്കുന്നതോ?
ബുദ്ധിഭക്തിയുക്തിയിൽ—ഭേദം എണ്ണുമോ?

52. ചിന്ത പെരുമകൊണ്ടേ—വീമൽ എന്തുവാൻ?
സ്വന്തരെ പരൻതന്നെ—വീണ്ടുകൊള്ളുന്നാൻ.

53. പരസ്യ പ്രതിഫലം—ഗൂഢഭക്തിക്കേ!
രഹസ്യ പ്രസന്നവും—ഊഢ ധൃതിക്കേ!

54. ഒളിവിൽ വിശ്വസ്തരെ—ചൂണ്ടിതെഹോവാ
വെളിയിൽ-മന്നനുള്ളിൽ—പൂണ്ടിതു കൃപാ.

55. പണ്ഡിത ശിഷ്യരെ ആരാഞ്ഞു മന്നനാർ
ഖണ്ഡിപ്പിൽ-പരിപ്പുകാർ—കാഞ്ഞു മിന്നിനാർ.

56. ഇത്തരയുത്തരങ്ങൾ—വൈഭവമിച്ചും
അത്തരം മുതിൎച്ചകൾ—വയ്യത്തിൽ കൊഞ്ചും.

57. സുരനു നൽവ്രതക്കാർ—ആസ്സിന്നവരേ
അരചൻ പ്രവൃത്തിക്കാർ—ആക്കിയുടനേ.

58. സ്വനിഴലിനെ വിട്ടും—ആയത്തൻ വന്നാൽ
സ്വയം വരൻ വരിക്കും—ആൎക്കനിവാൽ.

59. ചിററിമ്പയലകടൽ-മോതുന്നെത്തുവാർ!
ചുററും മൎത്ത്യരൊടടൽ—കോലുന്നതു പാർ!

60. വിഷയമദത്തിനാൽ—വീഴുന്ന ചിലർ;
വിഷതരുണികളാൽ—തീരുന്ന പലർ.

61. ജഡസുഖരതത്തിൽ—ഭീമർ കുഴങ്ങും;
ജഡബുദ്ധി ബന്ധത്തിൽ—വീരർ കുടുങ്ങും.

62. മധുമുന്തിരിരസം—കള്ളും മദ്യവും
മദിരയവരസം—കൊല്ലും പലരും.

63. ചുക്കിരി വമ്പുകളും—മിഞ്ചിച്ചവരെ
ചുക്കിണ്ണി പകിടയും—പിക്കും മെല്ലവേ.

64. ഉലകിൻ അൻപും വൻപും—വീമ്പും ശങ്കിപ്പോർ
അലശൽ പെട്ടും—നമ്പും—മാൺപിൽ കെട്ടുവോർ.

65. നെഞ്ചത്തിൽ കത്തും നഞ്ഞും—നോവും ഉണരാ
നെഞ്ചരും കെട്ടഴിഞ്ഞും—പോകും തരസാ.

66. തൻപെരുമ പെരിയോർ—താണുമുടിയും
തന്മിടുമ പൃളെപ്പോർ—ആണുമുഴുകും.

67. അഴന്നഴകുന്ന സ്വായത്തസിദ്ധികൾ;
തഴെക്കുന്നുണ്ടു കൃപായത്ത സിദ്ധികൾ.

68. കൃപപിടിക്കും പുല്ലർ—തോലിയപ്പെടാർ;
ധൃതിതട്ടക്കും കല്ലർ—പോരിൽ പട്ടവാർ.

69. തിരുമന മന്ത്രണം—തേടുന്നവരാർ?
പരമപ്രതിഫലം—നേടുന്നതിങ്ങാർ?

70. നവയനുസരണം—ശ്രുതിശ്രവണം
നടയിരുത്തുകെന്നും—ശ്രദ്ധയും വേണം.

71. ഇന്ദ്രിയജയം എത്താ—തന്ദ്രമടിക്കും,
തന്ത്രയന്ത്രങ്ങൾക്കൊവ്വാ—മന്ത്രശക്തിക്കും

72. ഉലകച്ചുളിപ്പിന്നും—ചുളുങ്ങരുതേ!
അഴകര നിന്റെക്കും—കലുങ്ങരുതേ! [ച്ചിൻ!

73. തിന്മ വരഞ്ഞുനില്പാൻ—മോഹം വധി
നന്മ വരിച്ചെടുപ്പാൻ—ദ്രോഹം വടിപ്പിൻ!

74. ചതിമുടിമണിയേ—പോരിൽ ജയിപ്പിൻ!
പതിയൻ വൽഗണത്തെ—ഘോരമെതിപ്പിൻ!

75. സുവിശേഷസത്യത്തെ-ഓങ്ങിയുയത്തിൻ
സ്വവിശ്വസ്ത ജനത്തെ—ഓമ്പി പുലത്തിൻ!

76. പരനുടെ വരങ്ങൾ—യാപന കൊൾവിൻ!
നിരന്തരം കരങ്ങൾ—യാചിച്ചെടുപ്പിൻ!

77. നചറയനെ തള്ളും—മൈന്തർ ഒടുങ്ങും.
മത്സരക്ഷമ അള്ളും—മൈന്തർ അടങ്ങും.

78. സർവ്വരക്ഷ നല്കുവാൻ—യേശു ശക്തിമാൻ
സർവ്വരെയും തുണെപ്പാൻ—ആശിക്കുംപുരാൻ.

ചോനക്കണ്ടി കേരളൻ.

---

*Sung by Ira D. Sankey, No. 7.—ധൃഷ്ടം = ധൈര്യമുള്ള. 1. തിരണ്ട = പൂർണ്ണ; പാരിടം = ഭൂമി; വെയ്യോൻ = സൂര്യൻ = യെരുശലേം നഗരം; ചൂർ = ശത്രു. 2. തദാ = അന്നു. 3. പരിചരൻ = വേലക്കാരൻ; അരു = വിശേഷമുള്ള; ഷണ്ഡൻ = നപുംസകൻ. 4. അദ്യ = ഇന്നു. 5. മദിരം = ലഹരിയുള്ള; ഗവ്യം = പശുവിൽനിന്നുള്ള പാൽ മുതലായതു; അർഭകൻ = ചെറുക്കൻ. 6. നൃപതി = രാജാവു; ഹൃദി = ഹൃദയത്തിൽ. 7. കരുതലർ = ശത്രുക്കൾ; വൈകൃത്യം = വികൃതി. 8. ജനനി = അമ്മ, അർത്ഥാൽ യെരുശലേമും ഇസ്രയേൽ ജാതിയും; ജനകൻ = പിതാവു = ദൈവം; ശ്രാന്ത്യം = ക്ഷുദാദികൾ. 10. അരുവ = അഴകുള്ള സ്ത്രീ. 11. മന്നില = വന്നല = തള്ളിയ നെല്ലു. 13. ഖിന്നത, ഖിന്നത്വം = ഖേദം; സ്വാമിൻ = സ്വാമിയേ; ശ്രവിക്ക = കേൾക്ക; മൽ = എന്റെ. 14. അരുവലർ = ശത്രുക്കൾ; നാലവർ = ദാനിയേലും മൂന്നു ചങ്ങാതികളും; അരിശം = കോപം. 15. പരൻ = ദൈവം; വിഹിതം = തിരുമനസ്സു; ഒല്ലുക = സ്നേഹിക്കുക. 18. പഴുതു = അവസരം; പാലൻ = രാജാവു. 19. അപ്പു = വെള്ളം; വപ്പി = കവിൾ ഒട്ടിപ്പോയവൻ. 20. കരുത്തു = ആ ഭക്ഷണത്തിന്റെ ശക്തി. 21. മികുക = വഴിയുക. 22. മുദാ = സന്തോഷത്തോടു; ശ്രദ്ധ = വിശ്വാസം; മന്ദം = മെല്ലേ. 23. ദണ്ഡ്യം = ദണ്ഡയോഗ്യൻ; വശാൽ = മൂലം. 25. നികർ = സമത്വം, സമമായി; ഭക്ത്യാ = ഭക്തിയോടു. 26. വിനാ = ഒഴികേ; പുരാൻ = ദൈവം. 27. പുമാൻ, അർത്ഥാൽ ഷണ്ഡൻ; വേശിക്ക = കടക്ക. 28. പ്രഥമൻ = മധുരപദാർത്ഥം. 29. പരുവം = പർവ്വം, അർത്ഥാൽ വളച്ചയിലുള്ള മൂപ്പു; ഗോപ്യം = രഹസ്യമായി; പ്രസന്നൻ = പ്രസാദിച്ചവൻ. 30. കിണക്ക = പുഷ്ടിക്ക; ആരുക = വഴിയുക. 32. വെന്നി = ജയം; നിസ്രോക് = ബാബെലോന്യ സുബ്രഹ്മണ്യൻ; വെന്നു = ജയിച്ചു; നഹി = അശേഷമില്ല. 33. സുരൻ = ദൈവം. 34. അശനം, ഭോജ്യം = ആഹാരം. 35. നലം = നന്മ; അസ്തു = ഇരിക്കട്ടേ. 36. ഉദ്ധരണം = രക്ഷ; സ്മരിക്ക = ഓക്ക. 37. ആളുക = ഭരിക്ക; കോൻ = രാജാവു. 38. പുനൽ = പുഴ; തവ = നിന്റെ. 39. ആദൃതൻ = മാനിക്കപ്പെട്ടവൻ. 40. അളുക്കം = ശങ്ക; ആയത്തം = ആധീനം. 42. ആബദ്ധനന്ദി = നന്ദിയോടു; ഉടമ = സംബന്ധം. 43. സ്വല്പം = അല്പം; ആദരം = സഹായം. 46. ആർത്തം = ദുഃഖമുള്ള; അഞ്ജസാ = പൊടുന്നനവേ. 47. വിണ്മയം = കേടു; നർമ്മം = കളിവാക്കു. 48. ശപഥം = ആണ; പ്രതിജ്ഞ = നേർച്ച. 52. വീമൽ = മുഖം വീങ്ങുക. 53. ഊഢ = പൊങ്ങിന. 55. മന്നനാർ = മഹാരാജാവു; ഖണ്ഡിപ്പു = സൂക്ഷ്മത. 56. മിച്ചം = വേണ്ടുന്നതിൽ അധികം; അത്തരം = ആ തരം; വയ്യം = വൈയകം = ലോകം, ഭൂമി. 58. കനിവാൽ = കനിവിനാൽ. 59. അലകടൽ = അലറുന്ന കടൽ; അടൽ = പോർ; കോലുക = ആചരിക്ക. 60. വിഷതരുണി = ചൂളച്ചി, ദുഷ്ടസ്ത്രീ. 61. രതം = മനസ്സു വെച്ചിരിക്ക; ഭീമൻ = ഭയങ്കരൻ. 62. യവരസം = ബീർ. 63. ചുക്കിരി = കടിയക്കു കൾപീടികയിൽ ദാനമായി കൊടുക്കുന്ന ചിരട്ടക്കള്ളു; ചുക്കിണി = പകിട; പിക്കുക = നറുക്കിക്കളക. 64. അലശൽ = ആശാഭംഗം; മാൺപു = മഹത്വം, തേജസ്സു. 65. നെഞ്ചൻ = ധാർഷ്ട്യമുള്ളവൻ; തരസാ = വേഗത്തിൽ. 66. പുളെക്ക = ഗർവ്വിക്ക. 67. അഴലുക = മനോതാപം സഹിക്ക; അഴുകുക = അഴിയുക; സ്വായത്തസിദ്ധി = സ്വന്ത അഭിപ്രായപ്രകാരം നടക്കുന്നവൻ. 68. തോലിയപ്പെടാർ = തോല്ക്കുന്നില്ല. 69. തിരുമനമന്ത്രണം = ദൈവത്താലുള്ള ഉപദേശം. 70. നവം = പുതിയ; ശ്രുതി = വേദം; ശ്രവണം = കേൾക്ക. 71. തന്ദ്രം = തളച്ച, മടി; ഒവ്വാ = സാധിക്കുന്നില്ല. 72. ഉര = വാക്കു. 73. വരിക്ക = തെരിഞ്ഞെടുക്ക. 74. ചതിമുടിമണി = സാത്താൻ; പതിയൻ = ഹീനം; വൽ = ഊക്കുള്ള. 76. യാപന = ഉപജീവനസാധനം. 77. പൈന്തർ = കള്ളർ; മൈന്തർ = യുവാക്കൾ.

# I. THE DATE PALM (Phœnix dactylifera).

## ഈത്തപ്പന. (1)[1]

2)



സ്ഥാവരശാസ്ത്രികൾ[3] പനവൎഗ്ഗത്തിൽ നാനൂറോളം കണ്ടെത്തിയിരിക്കുന്നു. ഈ രാജ്യത്തിലും പലവിധം പനകൾ ഉണ്ടു[4]. ഒന്നു കുറയ നൂറോളം പ്രയോഗമുള്ള തെങ്ങിനെയും വിദ്വാന്മാർ ഈ വൎഗ്ഗത്തിൽ ചേൎത്തിരിക്കുന്നു. ഭാരതീയരോ (ഹിന്തുക്കളോ) അതിനെ കല്പവൃക്ഷമായിട്ടെണ്ണുന്നു. എല്ലാ പനകളിലും വെച്ചു ഏററവും പ്രയോജനവും മനോഹരവുമുള്ളതു ഈത്തപ്പന തന്നെ. അതിന്നു ഈന്ത് വൃക്ഷം എന്നും ഖൎജ്ജൂരവൃക്ഷം

1) ഈ വിവരം ഒരു കൊല്ലത്തിൽ അധികം നമ്മുടെ കൈയിൽ ഉണ്ടു. കഴിഞ്ഞ ആണ്ടിൽ പശ്ചിമതാരകയിൽ ഈത്തപ്പനയെ കുറിച്ചുള്ള വിവരത്തെ കണ്ടപ്പോൾ ഈ കടലാസ്സു ഒരുങ്ങിട്ടുണ്ടായിരുന്നു. 2) മേലേത്ത ചിത്രം അറവികളുടെ ഒരു പാളയത്തെയും അതിൻ അടുക്കെ നില്ക്കുന്ന രണ്ടു ഈത്തപ്പനകളെയും മററും കാണിക്കുന്നു. 3) Botanists. 4) ഈ നാട്ടിലേ പനകളിൽ ചിലതു പറയുന്നു. അവയാവിതു: അരണപ്പന, ആനപ്പന, ആലമ്പന, ആയ്പ്പന, ഇരട്ടപ്പന, ഈത്തപ്പന, ഈറപ്പന, എഴുത്തോലപ്പന, കണ്ണിപ്പന, കയററുപന, കരിമ്പന, കരിവേലിപ്പന, കാരമ്പന, കാല്പന, കാളിപ്പന, കുടപ്പന, ക്രുനൻപന, ചീളിപ്പന, ചൂണ്ടപ്പന, താളിപ്പന, തിരിപ്പന, തീപ്പന, തുടപ്പന, നിലപ്പന, നീലകരിമ്പന, പാറമ്പന, മതിൽപ്പന, വള്ളിപ്പന, വാട്ടപ്പന, വിരിപ്പൻപന, വെട്ടപ്പന, വെക്കപ്പന ഇത്യാദി.

എന്നും പറയാറുണ്ടു. ആയതു കേരളത്തിൽ വളരുകയില്ല. ദുൎല്ലഭമായി എങ്ങാനും കാണ്മാനുണ്ടാകുമോ എന്നു നിശ്ചയമില്ല. വെള്ളക്കാർ അതിന്റെ സൌന്ദൎയ്യം നിമിത്തം അതിന്നു വനരാജ്ഞി എന്ന മറുനാമം കൊടുത്തിരിക്കുന്നു.

ഈത്തപ്പന ഈ രാജ്യത്തിൽ വളരുന്നില്ലെങ്കിലും അതിന്റെ പഴം എല്ലാവരും സാധാരണയായി തിന്നു വരുന്നുണ്ടല്ലോ[1].

ഈത്തപ്പന കുരുവിൽനിന്നേ മുളച്ചുണ്ടാകുന്നുള്ളൂ. ചേന വണ്ണം വെക്കേണ്ടതിന്നു അതിന്റെ മേൽ കല്ലു വെക്കും പോലെ പനയുടെ കുണ്ട (മുരടു) നന്നായി തടിക്കേണ്ടതിന്നു മൂന്നാം ആണ്ടോളം തെഴുത്തു വരുന്ന കുരുന്നുകളെ മടക്കി കുരളിനെ കല്ലുകൊണ്ടു അമൎത്തിയ ശേഷം ആയവററെ നീക്കുന്നു എങ്കിലും ആനയടിവെച്ചു പനയുടെ മട്ടലുകൾ നിലം തൊടാഞ്ഞാൽ അവററിൻ തുച്ചത്തു ചുററിലും വല്ല ഭാരം തൂക്കിക്കളയും. അതിനാൽ തണ്ടു അധികം തടിക്കയല്ലാതെ വേഗം വാടി ഉണങ്ങുന്ന മട്ടലുകളെ നീക്കുകയും ചെയ്യാം. ഈ പണി മുപ്പതോ നാല്പതോ വൎഷം ഈത്തപ്പന ഒററകായ്ക്കുന്നവരെക്കും എടുക്കേണ്ടതു. പീററപ്പന മൂന്നു മുറിയോളം (40 കോൽ) പൊങ്ങും. ഈ പന ചൊവ്വായി വളരുന്നതിനാൽ, നിന്റെ വളൎച്ച പനയോടു സദൃശം എന്നും അവ പനയോളം ചൊവ്വുള്ളവ എന്നും[2] തിരുവേദനത്തിൽ പറയുന്നു. ഉപ്പു നഞ്ഞുള്ള[3] ഈറം നിലവും വിശേഷിച്ചു ഉറവുള്ള സ്ഥലവും അതിന്നിഷ്ടം. അറവി മരുഭൂമികളിൽ ഈത്തപ്പനകളുടെ പലമാതിരികൾ കാടുകാടായി വളൎന്നാലും അതിന്നൊക്കയും ഉടമക്കാരുണ്ടു. വേനിൽ കാലത്തും കണ്ട മട്ടലുകൾ കരിമ്പ പച്ചയായിരിക്കുന്നു. മൂത്ത പനകൾക്കു 8-10, മിസ്രയിൽ 25-30 കുലകളും അവററിൽ ചിലതിന്നു ആയിരത്തോളവും അതിൽ അധികവും പഴങ്ങൾ കാണുന്നു. മിസ്ര യോൎദ്ദൻ താഴ്വരകളിൽ പനകളേക്കാൾ ഫലിഷ്ടിയനാട്ടിലുള്ളവററിന്നു[4] പൊക്കവും കണ്ടയൂക്കും അധികമുണ്ടു. കൊയ്ത്തുകാലത്തിൽ 6-10 വയസ്സുള്ള പിള്ളർ പനയേറി കുലമുറിച്ചു അടിയിൽ നില്ക്കുന്നവർ വിരിച്ചു കാണിക്കുന്ന തുണിയിൽ ഇട്ടു കൊടുക്കും[5]. അതിന്നായി ചില ചുള കൂലിയായി കിട്ടിയാൽ അവൎക്കു മതി. നമ്മുടെ നാട്ടിൽ കൊയ്ത്തു കാലത്തുള്ളതു പോലെ ആ നാടുകളിൽ ഈത്തപ്പഴം കൊയ്ത്തു മികെച്ച സന്തോഷം[6] ഈത്തപ്പന എണ്പതാം വയസ്സോളം (രണ്ടുമുറിപ്പാ

---

1) The queen of the forest. "ഒരംചലക്കള്ളു" എടുക്കുന്ന ഒരു വക ഈത്തപ്പന മൈസ്സൂരിൽ ഉണ്ടു. 2) "ഥാമാർ" എന്ന പേർ പെൺ മക്കൾക്കിടുവാനും പനയുടെ പ്രതിബിംബമാകുന്ന തൂണുകളെ "ഥൊമേർ" എന്നു വിളിപ്പാനും ചൊവ്വുള്ള വളൎച്ചയത്രേ സംഗതി. അത്യുന്നതഗീതം 7, 7; യിറമിയ 10, 5 (വിഗ്രഹങ്ങളെ കൊണ്ടു). 3) brackish. 4) കാനാൻ രാജ്യം, ഫലെസ്തീന.

5) Calwer Bibl. Nat. History. 6) പനയുടെ കതയും പെരുന്തല മട്ടലും ഏറുന്നവരുടെ കാലിന്നു ആക്കം. ഈത്തപ്പഴം ഓരേ സമയം പഴക്കായ്ക്കയാൽ രണ്ടു മൂന്നു കുറി പനകളെ ഏറേണ്ടിവരുന്നു, Eadie Bibl. Cycl.

ടുതികയും വരെ) അനവധി കായ്ക്കുന്നു. അതിൽ പിന്നേ പ്രായാധിക്യം ഏറുന്തോറും അനുഭവം കുറെഞ്ഞു കുറെഞ്ഞു വരുന്നു. ചില പനകൾ ഇരുനൂററിൽ പരം ആണ്ടു നില്ക്കുന്നു പോൽ[7]. മറെറ രാജ്യങ്ങളിൽ കണി കാണ്മാൻ പോലും കിട്ടാത്ത ഈ ഈത്തപ്പനയുടെ ഉത്ഭവത്തെ കുറിച്ചു അറവികൾ ഒരു കബന്ധത്തെ ഉണ്ടാക്കിയിരിക്കുന്നതു തുലോം ആശ്ചൎയ്യമുള്ളതു. അതെന്തെന്നാൽ: മുഹമ്മദ് നബി ഈ ദുനിയാവിലുള്ള കാലത്ത് ഒരു ദിവസം സുബൈക്കു ഒരു മിനുസമുള്ള കല്ലെടുത്തു പൂഴിയിൽ കുഴിച്ചിട്ടു. അതിൻെറ പിറകെ നബി ഒരു നാൾ അവ്വഴിക്കേ വരുമ്പോൾ ഒരു പുതുമയുണ്ടായി. ഓറ് പണ്ടു മണലിൻെറ വുത്ത് കുഴിച്ചിട്ട കല്ല് മുളെച്ചു ഒരു വലിയ ഈത്തപ്പനയായി തീൎന്നതു മാത്രമല്ല, ആ മരവും അതിൻെറ എകരത്തിലുള്ള കുരുത്തോലകളും നിലംവരെയും കുമ്പിട്ടു നബിയെ നമസ്കരിച്ചു നില്ക്കുയും ചെയ്തു[8].

ആസ്യയുടെ പശ്ചിമദിഗ്വാസികൾ ഇത്ര പെരുമയോടെ വൎണ്ണിക്കുന്ന ഈത്തപ്പനയുടെ പ്രയോഗത്തെ ചുരുക്കത്തിൽ വിവരിപ്പാൻ പോകുന്നു[9]

മഴക്കാലം കഴിഞ്ഞാൽ ഉടനെ അറവികൾ ഈത്തപ്പഴം കാരക്ക അത്തിമുതലായ പഴങ്ങളോടു കൂടെ ഈ പടിഞ്ഞാറെ തീരത്തിൽ വന്നിറങ്ങുന്നതു എല്ലാവൎക്കും അറിവുണ്ടല്ലോ. ആ പഴം ഉത്സവ കാലങ്ങളിൽ കുട്ടികൾക്കു ഇമ്പമുള്ള സമ്മാനമായ്തീൎന്നിരിക്കുന്നു.

ഈത്തപ്പഴം മധുരം ശീതം ഗുരുവൃഷ്യഞ്ച ബൃംഹണം |
ക്ഷയേഭിഘാതേ ദാഹേച വാതേപിത്തേച തൽഗുണം. ||

എന്നു ഗുണപാഠത്തിൽ കാണും പ്രകാരം ഈ മധുരപ്പഴം കൊണ്ടു അറവികൾ പല പല തരമായ ഭോജ്യങ്ങളെ ഉണ്ടാക്കുന്നു. ആ ഓരൊററ മാതിരി പഴം കൊണ്ടു അവർ വൈഭവത്തോടെ ചമെക്കുന്ന പലഹാരങ്ങളെ അന്യനാട്ടുകാർ കണ്ടാൽ അതു ഈത്തപ്പഴം കൊണ്ടുണ്ടാക്കിയതെന്നു അവൎക്കു ഒരിക്കലും തോന്നുകയില്ല. മദീനയിൽനിന്നു മക്കത്തേക്കു ഹജ്ജിന്നു പോകുന്ന പ്രയാണികൾക്കു ഒരു മാസത്തോളം നില്ക്കുന്ന മാതിരിയിൽ അവർ പലപ്പോഴും അതിനെ ഒരുക്കി വരുന്നു.

ഈ നാട്ടുകാർ ഈത്തപ്പഴം തിന്നു കുരു ചാടി കളഞ്ഞാലും അറവികൾക്കു അതിനെ കൊണ്ടും അത്യാശ്ചൎയ്യമായ ചില പ്രയോഗങ്ങളുണ്ടു. നമ്മുടെ നാട്ടിൽ കുതിരെകൾക്കും കാളകൾക്കും മററും മുതിര പുഴുങ്ങി കൊടുക്കും പോലെ അറവികൾ കുരു ഒക്കയും കുട്ടി ചേൎത്തു മൂന്നു നാലു ദിവ

7) Eadie Bibl. Cycl. 8) തിരുവെഴുത്തുകളിൽ നല്ലപ്പോൾ ഈത്തപ്പനയെ കൊണ്ടു 2 മോശേ 15, 27 വായിക്കുന്നു. അതു 1491 വൎഷം ക്രിസ്ത്വാബ്ദത്തിന്നു മുമ്പെ; അത്ഭുതങ്ങളൊന്നും ചെയ്യാത്ത മുഹമ്മദാകട്ടേ ക്രിസ്ത്വാബ്ദത്തിൽ 569 മാത്രം ജനിച്ചുള്ളു.

9) പനയുടെ ഓരോ സാധനങ്ങളെ കൊണ്ടു കൊല്ലത്തിന്നുള്ള നാളുകളോളം ഉപയോഗങ്ങൾ ഉണ്ടു എന്നു പാൎസ്സികൾ പുകഴ്ത്തുന്നു മുഹമ്മദീയ വൎഷത്തിന്നു 360 ദിവസം ഉണ്ടായാൽ 360 പ്രയോഗങ്ങൾ എന്നേ ചൊല്ലൂ. Calw. Bibl. N. H. & Eadie.

സം വെള്ളത്തിലിട്ടു പൊതിൎത്തെടുത്തു ആട്ടുമാട്ടുകൾക്കു തിന്മാൻ കൊടുക്കും. പലപ്പോഴും കുരു മിനുസമാക്കി ജപമാലകളേയും ഉണ്ടാക്കും. മക്ക മദീന എന്നീ പട്ടണങ്ങളിൽ വമ്പിച്ച കച്ചവടപ്പാണ്ടികശാലകൾ ഉണ്ടു. കേരളത്തിലേ ചില ബന്തരുകളിൽ ബുന്നു (കാപ്പി) കച്ചവടം പ്രധാനമായിരിക്കും പ്രകാരം അവിടങ്ങളിൽ ഈത്തപ്പഴക്കുരുകൊണ്ടുള്ള വ്യാപാരം പ്രധാനം. മേൽ പറഞ്ഞ രണ്ടു പട്ടണങ്ങളിലേ വീഥികളിലും ഇടത്തെരുക്കളിലും വീണു കിടക്കുന്ന ഈത്തപ്പഴക്കുരുക്കളെ പെറുക്കി വില്ക്കുന്നതിനാൽ അനേകം പാവപ്പെട്ട ജനങ്ങൾ നാൾ കഴിച്ചു പോരുന്നു[1].

കുരു മാത്രമല്ല അതിന്റെ കുരുത്തോലയും അവൎക്കു വളരെ പ്രയോജനമുള്ളതു. ഈ ദേശങ്ങളിൽ തെങ്ങിന്റെ ഓല കൊണ്ടു പുരകെട്ടുന്ന പ്രകാരം അറവികൾ ഈത്തപ്പനയോലകൊണ്ടു എത്രയും വിചിത്രമായി പുര മേയും. അത്താറുകൊണ്ടു നാം മുറികൾക്കു ഇടനിരയുണ്ടാക്കുന്നതു പോലെ അവരും കുരുത്തോലകൊണ്ടു ഓരോ മറയുണ്ടാക്കും. കുണ്ടൻ പിഞ്ഞാണം, വട്ടി, കിണ്ണം, തളിക, കുരിയൽ, വെററിലപ്പാട്ടി മുതലായ സാധനങ്ങളും ഈച്ചയാട്ടുന്ന വിശറിയും കട്ടിൽ കിടക്ക മേശ മുതലായവ അടിച്ചു തുടെച്ചു വെടിപ്പാക്കുന്ന മാച്ചിലും (ബുറുസ്സും) ഉണ്ടാക്കും. ചെറിയ കായലുകളിൽ കൂടി നിൎവിഘ്നമായി ഓടിപ്പാൻ തക്ക ചെറുവക വള്ളങ്ങളെ ഉണ്ടാക്കുന്നതു എല്ലാററിലും ആശ്ചൎയ്യം തന്നെ. ഫ്രാത്ത് തിഗ്രി എന്നീ നദികളിൽ കാണുന്ന മിക്കവാറും ഉരുണ്ടതോണികൾ ഈത്തപ്പന കൊണ്ടുള്ളവ തന്നേ[2]. 6-8 അടി നീളത്തോളം വളരുന്ന ഈത്തപ്പനയുടെ മട്ടലുകൾ വേലി കെട്ടുവാനും കട്ടിൽ, തിര, തട്ടി, പെട്ടി, വിചിത്രമായ പക്ഷിക്കൂട്ടുകളെ ഉണ്ടാക്കുന്നതിന്നും പ്രയോഗിക്കുന്നു. കരിങ്കടലിൽ സഞ്ചരിക്കുന്ന മിക്കവാറും കപ്പലുകൾക്കും ആലാത്തുണ്ടാക്കുന്നതു ഇതിന്റെ നാർ കൊണ്ടത്രേ. ബഗ്ദാദ് പട്ടണത്തിൽ ഈത്തപ്പനയുടെ തായിമരം കൊണ്ടു പലവിധമായ തട്ടുമുട്ടു സാധനങ്ങളെ ഉണ്ടാക്കി വില്ക്കുന്നതു മികെച്ച കച്ചവടമായിരിക്കുന്നു. പിന്നേ ഈ നാട്ടിലേ കരിമ്പന പോലെ ഈത്തപ്പന മൂക്കുമളവിൽ അതിന്റെ തായ്മരത്തിന്നു പെരുത്തു ഉറപ്പു കൂടുകയാൽ ആയതു നടുവിട്ടം തൂണു മുതലായവററിന്നു കൊള്ളിക്കുന്നു[3]. (1 രാജ. 6, 29) അതല്ലാതെ ശലമോ രാജാവു പണിയിച്ച ദൈവാലയമതിലുകളെ നിരപ്പലകകൊണ്ടു പൊതിഞ്ഞു അതിന്മേൽ ഈത്തപ്പന ചിത്രങ്ങളെ കൊത്തിയ പ്രകാരം അറിയുന്നു.


---

1) കല്ലിന്നു സമമായ കട്ടപ്പമുള്ള ഈ കുരു ആട്ടി എണ്ണ എടുക്കാം. കൊല്ലന്മാർ അതിനെ ഇരുന്നലിന്നു പകരമായി ഉപയോഗിക്കാറുമുണ്ടു. Calw. Bibl. Nat. History.

2) കാവേരിയെ കടക്കേണ്ടതിന്നു വമ്പിച്ച തോൽ വട്ടികൾക്കു സമം. താമരകളെ പറിക്കത്തക്കവണ്ണം വലിയ ചരക്കുകളിൽ (വട്ടളം) ഒരുത്തൻ ഇരുന്നു തുഴഞ്ഞു വരുന്നതു കണ്ടായിരിക്കും. 3) 1 രാജ. 6, 29. 32, 35 ഇത്യാദി.

മിസ്രയിലേ പാഴിടങ്ങളിൽ കാണുന്ന പ്രകാരം പണ്ടേത്ത മിസ്രക്കാർ ഈത്തപ്പനമാതിരിയാക്കി തൂണുകളും അതിന്റെ കുരുളിന്നു ഉപമിച്ചു തൂണിൻ തലപ്പുകളും വിചിത്രമായി കൊത്തിയിരിക്കുന്നു[1].

2)



(ശേഷം പിന്നാലേ).

---

## CHRISTOPHER COLUMBUS (by E. Hlbrck.).
## നവലോകാന്വേഷകനായ ക്രിസ്തോഫ് കൊലുമ്പൻ.

ക്രിസ്താബ്ദം 1492ാമതിൽ കൊലുമ്പൻ എന്ന കീൎത്തിമാൻ അമേരിക്കാ ഖണ്ഡത്തെ കണ്ടെത്തി എന്നു കേരളോപകാരി (V 107ാം ഭാഗത്തു രണ്ടു സൂചകത്താൽ) അറിയിച്ചതു കൊണ്ടു പലൎക്കും ഈ ആളുടെ ചരിത്രം കേൾപ്പാൻ ഇഷ്ടം ഉണ്ടാകും എന്നു വിചാരിച്ചു അതിനെ കീഴിൽ വിവരിക്കുന്നു.

ക്രിസ്തോഫ് കൊലുമ്പൻ ഇതാല്യയിലേ ജനുവാ[3] പട്ടണത്തു ക്രിസ്താബ്ദം 1456ാം വൎഷത്തിൽ ജനിച്ചു. ചിലർ അവൻ ദൊമേനിക്കൊ എന്ന കുലീനന്റെ മകൻ എന്നും മറ്റു ചിലർ അവന്റെ അപ്പൻ ഒരു നെ

---

1) രാജാക്കന്മാർ 7, 21 ദൈവാലയത്തിന്മുമ്പിലുള്ള യാക്കിൻ ബോവജ് എന്നീ തൂണുകൾക്കു വിടൎന്ന നിലത്താമര തലപ്പിൽ മുഖ്യം.

2) ആ ചിത്രം എന്തെന്നാൽ: പുരാതനമായി സീയേനെ (Syene) എന്നു പേരുപ്പെട്ടതും മേൽമിസ്രയിൽ നീലനദി തീരത്തു കിടക്കുന്നതും ഇപ്പോൾ അസ്സുവാൻ എന്നു പറയുന്നതുമായ നഗരത്തിന്നടുത്ത ഫീലേ (Philae) എന്ന പാഴിടത്തിലേ ഓർ അമ്പലത്തിന്റെ ശേഷിപ്പുകൾ അത്രേ. ആയതു മിസ്രമൂലനഗരമായ അലക്ഷന്ത്രിയയിൽനിന്നു 450 നാഴിക നേരെ തെക്കു നീലനദിയുടെ വക്കത്തു കിടക്കുന്നു. 3) Genoa.

യ്യുകാരൻ ആയിരുന്നു എന്നും പലവിധമായി പറയുന്നു. അതുകൊണ്ടു
അവന്റെ അഛ്ശനെ കുറിച്ചു ഒരു നിശ്ചയം പറവാൻ പ്രയാസം തന്നേ.
1470ാമതിൽ ഗണിതശാസ്ത്രം അഭ്യസിക്കേണ്ടതിന്നു അവൻ പവീയിലേ[1]
സൎവ്വകലാശാലയിലേക്കു പോയെങ്കിലും 14 വയസ്സു തികഞ്ഞ ശേഷം അ
വൻ കപ്പൽ ഓട്ടത്തിന്നായി വിദ്യാഭ്യാസത്തെ വിട്ടു താൻ ആദ്യം ചെയ്ത
കപ്പൽ യാത്രകൾ റൂമിസ്ഥാനം, ഇംഗ്ലന്തു, ഇസ്ലന്തു എന്നീ രാജ്യങ്ങളി
ലേക്കു ആയിരുന്നു. അങ്ങിനെ കുറെ കാലം കഴിച്ചിട്ടു കൊലുമ്പൻ പറ
ങ്കിരാജ്യത്തിലേ ലിസ്സബോൻ എന്ന തുറമുഖപട്ടണത്തിലേക്കു പോയി
അവിടെനിന്നു പൊൎത്തൊസന്തോ എന്ന ദ്വീപിൽ ആളുകളെ കുടിയേററി
യവനും കീൎത്തിപ്പെട്ട കപ്പൽക്കാരനും സുശീലനുമായ ഒരു ഇതാല്യന്റെ
മകളായ ദൊന്ന[2] ഫെലിപ്പ മുഞ്ഞിസ് ദെപെരെസ്ത്രെല്ലൊ എന്നവളെ
വിവാഹം കഴിച്ചു. തനിക്കു കിട്ടിയ സ്ത്രീധനത്തിൽ വലിയോരംശം അവ
ളുടെ അഛ്ശൻ എഴുതിയ നാൾവഴി (ദിനചൎയ്യ) പുസ്തകങ്ങളും വരച്ച പ
ടങ്ങളും ആയിരുന്നു. അവററാൽ കൊലുമ്പന്റെ വിദ്യാൎത്ഥിത്വം വളരെ
വൎദ്ധിച്ചതു കൂടാതെ അന്നു മുതൽ അവൻ ഭൂമിശാസ്ത്രവും വളരെ ജാഗ്രത
യോടെ പഠിച്ചു കൊണ്ടിരുന്നു എങ്കിലും, തന്റെ കുഡുംബത്തെ പാലി
ക്കേണ്ടതിന്നു ഗിനേയ എന്ന അഫ്രിക്കകരയിലേക്കു പോകുന്ന യാത്രക്കാ
രോടു താൻ ചേരുകയും പടങ്ങൾ വരക്കുകയും ചെയ്തു പോന്നു. പിന്നെ
അവൻ പൊൎത്തോസന്തോവിൽ ചിലകാലം പാൎത്തപ്പോൾ തന്റെ പിറ
ക്കാത്ത അപ്പഛ്ശനായ പേദ്രൊ കൊറേയൊ എന്ന നല്ല കപ്പൽക്കാരനോ
ടു കഴിച്ച സംഭാഷണങ്ങളാൽ കിഴക്കേ ഭൂഖണ്ഡങ്ങളിലേക്കു അഫ്രിക്കയു
ടെ തെക്കേ മുനമ്പു ചുററി പോകുന്ന വഴിയല്ലാതെ വേറെ ഒരു വഴി ക
ണ്ടെത്തുവാൻ കഴിവുണ്ടാകും എന്ന വിചാരം അവന്റെ മനസ്സിൽ ഉദി
ച്ചു വന്നു. എന്തെന്നാൽ ഭൂമി ഒരു ഗോളം എന്നു വിജ്ഞാനിയായ അരി
സ്തോതെലേസ്സ് വിചാരിച്ച പ്രകാരം അവനും നിനച്ചതുകൊണ്ടു ഒരു
സ്ഥലത്തുനിന്നു കപ്പൽ വഴിയായി പടിഞ്ഞാറോട്ടു പുറപ്പെട്ടു പോയാൽ
ഒടുക്കത്തു അവിടത്തിൽ തന്നെ വീണ്ടും എത്തും എന്നും അങ്ങിനെ ചെ
യ്താൽ ആസ്യയുടെ കിഴക്കേ കരക്കു ഇറങ്ങുകയും അത്രോടം അറിയാത്ത
നാടുകളെ കാണുകയും ചെയ്യും എന്നു അവന്റെ ഊഹം ആയിരുന്നു.
ആ തീരത്തിന്റെയും യൂരോപ്പയുടെ പടിഞ്ഞാറെ കരയുടെയും ഇടയിലു
ള്ള സമുദ്രം അകലം കുറഞ്ഞതെന്നു അവന്നു വിചാരിപ്പാൻ അരിസ്തോ
തെലെസ്സ്, സെനെകാ പ്ലീനിയുസ്സ് എന്ന ശാസ്ത്രികളുടെ ഉപദേശങ്ങളും
മക്കൊപോലൊ, മെന്തുവിൽ എന്ന കീൎത്തിയുള്ള യാത്രക്കാരുടെ വൎത്തമാ
നങ്ങളും അല്ലാതെ വേറെ പല അടയാളങ്ങളും തുണയായിരുന്നു. അവ

1) Pavia. 2) = ദോനാ.

യാകട്ടേ സെൻവിൻസെന്ത് എന്ന പറങ്കിരാജ്യത്തിൻെറ മുനമ്പിന്നു പടിഞ്ഞാറു 450 നാഴിക ദൂരത്തുള്ള അത്ലന്തിക സമുദ്രത്തിൽ വെച്ചു പറങ്കി കപ്പൽക്കാരനായ മത്തിൻ വിൻസന്തി പടിഞ്ഞാറു നിന്നു ഒഴകിവന്നു ചിത്രം കൊത്തിയ ഒരു മരത്തെ കണ്ടു പിടിച്ചതും പേദ്രൊ കൊറേയൊവു അങ്ങിനേത്ത മറെറാരു മരത്തെ പെത്തൊസന്തോവിൽനിന്നു കണ്ടു പിടിച്ചതും, പ്തോലൊമേയുസ്സ് ശാസ്ത്രി വിവരിച്ച ഭാരതഖണ്ഡത്തിലേ ചൂരലുകൾക്കു തുല്യമായവ കുറെദ്വീപുകളിലേക്കു പടിഞ്ഞാറുനിന്നു ഒഴകിവന്നണഞ്ഞതും, ആ സമയത്തു വിലാത്തിക്കാർ അറിഞ്ഞു വന്ന മനുഷ്യവംശത്തിൻെറ മുഖലക്ഷണത്തിൽ ഭേദിച്ചിരിക്കുന്ന രണ്ടു പുരുഷന്മാരുടെ ശവങ്ങൾ ഫ്ലോരേസ്സ് എന്ന ദ്വീപിൻ തീരത്തു തിരയടിച്ചു കയററിയ പ്രകാരം കണ്ടതും എന്നിവ തന്നെ. (ശേഷം പിന്നാലേ).

---

# BIBLE POETRY (N. T.)

## സുവിശേഷഗീതം.

### പൂൎവ്വപീഠിക Preface.

ക്രിസ്തുവാകിയ രക്ഷകൻ തന്നുടെ വൎത്തമാനമിന്നപ്പോടു ചൊല്ലുവാൻ।
ചിത്തതാരിൽ നിനക്കുമടിയനുള്ളത്തൽ തീൎത്തു പാലിക്കുക ദൈവമേ॥
ആദിയിങ്കൽ വചനമുണ്ടായിരുന്നായതു തന്നെ ദൈവവുമാകുന്നു।
സൃഷ്ടിക്കപ്പെട്ടതെല്ലാമവൻ തന്നാൽ സൃഷ്ടിയൊന്നുമവൻ കൂടാതില്ലല്ലോ॥
ആയവൻ താനഹോ ജഡമായ്ച്ചമഞ്ഞീയുലകിൽ കൃപാസത്യപൂൎണ്ണനായ്।
മായമെന്നിയെ വന്നു വിശ്വാസികളായ തന്നുടെ ഭക്തജനങ്ങൾക്കു॥
ദൈവമക്കളാവാനധികാരവുമാവിരാനന്ദമോടെ കൊടുത്തിതു।
മോശയിൽനിന്നു വന്നു ധൎമ്മം പുനരീശൊവിൽനിന്നു കാരുണ്യസത്യവും॥
ഏതു കാലത്തുമേകനാം ദൈവത്തെ ഏതൊരുത്തനും കണ്ടിട്ടുമില്ലല്ലോ।
തന്നുടെ മടി തന്നിൽ വാഴുന്നൊരു നന്ദനനവനെത്തെളിയിച്ചിതു.॥

### ൧. ഗബ്രിയേൽ ദൈവദൂതൻെറ വരവു Gabriel's apparitions.

എങ്കിലോ യവനന്മാരെ വെന്നൊരു ശങ്കയെന്നിയെ രാജ്യങ്ങളാകവെ।
ചക്രവൎത്തിയായ്വാഴുന്ന റൌമ്യനാം വിക്രമിയാകുമൌഗുസ്തുഭൂപൻെറ॥
കല്പനകൊണ്ടെഹൂദഭൂപാലനായ്ക്കല്പെട്ടഴുന്ന ഹെരോദാവു വാഴുമ്പോൾ।
ജകൎയ്യാവെന്നു പേരുള്ളൊരാചാൎയ്യൻ ജനിച്ചിതബിയായുടെ മന്ദിരേ॥
അഹ[1]റോന്യജയാകും യലിശബേത്തവന്നു കാന്തയായി ഭവിച്ചിതു।
ദിവ്യധൎമ്മപ്രമാണികളാകയാൽ ദൈവസന്നിധൌ നീതിമാന്മാരിവർ॥
സന്തതിയില്ലവൎക്കുയലിശബ വ[2]ന്ധ്യയാകുകകാരണമായിട്ടു।
അത്രയല്ലവർ രണ്ടുപേരും മഹാവൃദ്ധരായുള്ളവരായിരുന്നിതു॥
ഇങ്ങിനെ വസിക്കുന്നാളൊരുദിനമങ്ങു ദൈവാലയത്തിൽ ജകൎയ്യനും।
ആചാൎയ്യസ്ഥാനമൎയ്യാദ പോലെ ചെന്നാശു ധൂപത്തെ കാട്ടുന്ന നേരത്തു॥
വന്നനേകം ജനം ബഹിൎഭാഗത്തിൽനിന്നു പ്രാൎത്ഥിച്ചു കൊണ്ടിരുന്നീടിനാർ।

ത്സമയമൊരു ദൈവദൂതനെ തത്ര മന്ദിരേ ധൂപപീഠത്തിന്റെ ||
ദ[3]ക്ഷിണപ്രദേശത്തിൽ ജകൎയ്യനുമീക്ഷണം ചെയ്തു പേടിച്ചിതേററവും |
ചൊല്ലിനാനഥ ദൂതൻ ജകൎയ്യനോടുള്ളിലെന്തിനു പേടി നിണക്കെടോ ||
കേട്ടിരിക്കുന്നു നിന്നുടെയാ[4]ചനാ വാട്ടമെന്നിയശേഷം മഹോന്നതൻ |
[5]ത്വൽകുഡുംബിനി പെററുനിണക്കൊരു സല്ക്കുമാരനുണ്ടാകുമവനു നീ ||
പേർവിളിക്കുക യോഹന്നാനെന്നവൻ നേർ വഴിക്കു തിരിക്കുമനേകരെ |
നിന്നുടെ ഹൃദി സന്തോഷമുണ്ടാകുമന്യലോകരനേകരാനന്ദിക്കും ||
കൎത്താവിന്മുമ്പിൽ മുമ്പനാകുമവൻ മദ്യവും വീഞ്ഞും സേവിക്കയുമില്ല |
പരിശുദ്ധനാമാത്മാവിനാലവൻ പരിപൂൎണ്ണനാം മാതൃഗൎഭേ തന്നേ ||
ദൂതവാക്യേവം കേട്ടു ജകൎയ്യനും ചേതസി വിശ്വസിക്കാതെ ചൊല്ലിനാൻ |
എന്തുകൊണ്ടിതറിയുന്നു ഞാനുമെൻ കാന്തയും വയസ്സുള്ളവരല്ലയോ ||
ഇങ്ങിനെ ജകൎയ്യാവിന്റെ വാക്കു കേട്ടിം[6]ഗിതജ്ഞനാം ദൂതനുമന്നേരം |
ചൊന്നിതു ഞാനഖിലേശ[7]സന്നിധൌ നിന്നിട്ടുന്നൊരു ഗബ്രിയേലാകുന്നു ||
നിന്നൊടീവിശേഷത്തെയറിപ്പാനെന്നെ കല്പിച്ചയച്ചു[8]പരാപരൻ |
തെററുക്കൂടാതെ സംഭവിപ്പാനുള്ള പോററി തന്നുടെ വാക്കുകളിന്നു നീ ||
വിശ്വസിക്കായ്കു കാരണമൂമനായി[9]ശ്വനാഥോക്തി പോലെ വരുവോളം |
വാക്കുകെന്നു പറഞ്ഞഥ ദൂതനും വാൎത്തിടാതെയവിടെ മറഞ്ഞിതു ||
ദൂതനെക്കണ്ടമൂലം ജകൎയ്യനു ജാതമായ്വന്ന താമസകാരണം |
ഓൎത്തുവിസ്മയപ്പെട്ടു ജകൎയ്യനെ കാത്തു കൊണ്ടു വാൎത്തു ജനസംഘവും ||
ജകൎയ്യാവും പുറത്തുപുറപ്പെട്ടു ജനത്തോടുരചെയ്വാൻ കഴിയാതെ |
നിന്നനേരത്തവർകളെല്ലാവരും മന്ദിരത്തിലിവനൊരു ദൎശനം ||
കണ്ടിതെന്നോൎത്ത നേരമാംഗ്യങ്ങളെക്കൊണ്ടു കാണിച്ചു വാൎത്തവനൂമനായി |
തന്റെ സേവാദിനങ്ങൾ കഴിഞ്ഞനാൾ സ്വന്ത വീട്ടിൽ ഗമിച്ചു ജകൎയ്യനും ||
കാന്തയോടൊത്തുവാഴും ദിനങ്ങളിൽ[10]സ്വാന്തമോദം വരുമാറെലിശബ |
ഗൎഭവും ധരിച്ചഞ്ചുമാസത്തോളമത്ഭുതമാനൊളിച്ചു വാണീടിനാൾ ||

1. അഹറോന്റെ വംശത്തിൽ ജനിച്ചവൾ. 2. മച്ചി. 3. വലത്തുഭാഗം. 4. അപേക്ഷ. 5. നിന്റെ ഭാൎയ്യ. 6. ഹൃദയഭാവത്തെ അറിയുന്നവൻ. 7. സമീപത്തിൽ. 8. ദൈവം. 9. ദൈവവചനം. 10. ഹൃദയസന്തോഷം. (ശേഷം പിന്നാലെ). സത്യാൎത്ഥി പണ്ഡിതർ.

---

## SCRIPTURE PRIZE-QUESTIONS. (5)
## വിരുതുടയ വേദചോദ്യങ്ങൾ. (൫)

I. നവമ്പർ മാസത്തിൽ കഴിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ:

12. a. മത്ത: 8, 10; b. മാൎക്ക: 6, 6.

13. a. യായേൽ; b. സിസറാ; c. യായേലിന്റെ കൂടാരം; d. ഒരു ആണിയെ ചെന്നിയിൽ തറെച്ചതിനാൽ; e. ഹേബർ; f. ന്യായാധി: 4.

14. a. യോഹ: 3; b. I കൊരി: 15; c. II തെസ്സ: 2; d. യോഹ: 6; e. രോമ: 4; f. I കൊരി: 13.

15. ഉസ്സിയ; അസ്സുറിയ; നയമാൻ; ഗഹാസി; ശീമോൻ; മിറിയാം; ലൂക്ക: 17, 11-19.

യാദസ്തു: തലശ്ശേരി, കോട്ടയം, കോഴിക്കോട്ടു എന്നീ സ്ഥലങ്ങളിൽനിന്നു ഉത്തരങ്ങൾ അയച്ചവർ എല്ലാവരും ചോദ്യങ്ങളെ സൂക്ഷ്മത്തോടെ വായിക്കായ്കയാൽ അല്പാല്പം തെററിപ്പോയി എന്നു കാണുന്നു.—എന്നാൽ ഇതാ:

II. പുതുചോദ്യങ്ങൾ ആവിതു:

16. ഏലിയാ എന്ന പ്രവാചകനെ കുറിച്ചു പുതുനിയമത്തിൽ എവിടെ എഴുതീട്ടുണ്ടു? (എങ്ങിനെ എങ്കിലും നാലു സ്ഥലങ്ങളെ കുറിക്കേണം).

17. തിമോത്ഥ്യസിന്റെ അപ്പൻ, അമ്മ, മൂത്തമ്മ, ഗുരുനാഥൻ എന്നിവർ ആർ എന്നും അവന്റെ പിതൃനഗരവും പൌലൊസ് അവനെ വിട്ട സ്ഥലവും ഏതു എന്നും പറയാമോ?

18. പ്രാപ്തിയുള്ള ഒരു അദ്ധ്യക്ഷൻ, സത്യമായ വിധവ, നല്ല രാജാവിന്റെ സന്മാൎഗ്ഗം (കാൎയ്യാദികളെ നടത്തുവാൻ തന്നെ), വീട്ടുകാൎയ്യം നന്നായി നടത്തുന്ന സ്ത്രീ എന്നിവരെ കൊണ്ടു എഴുതിയിരിക്കുന്ന സ്ഥലങ്ങളെ കാണിക്കാമോ?

19. ക്രിസ്തീയ ആയുധവൎഗ്ഗത്തിന്റെ ഏഴ് ആയുധങ്ങളെ പറഞ്ഞു തരുമോ?

(മേലെഴുത്തു Rev. J. Knobloch, Calicut.)

---

# CORRESPONDENCE.

## ഒരു കത്തു.

കേരളോപകാരി പത്രാധിപർ അവർകളേ!

മടിയന്മാരായ ചെറിയ കുട്ടികൾക്കു പഠിപ്പത്തിന്നു അത്യുത്സാഹവും പ്രത്യേക താല്പൎയ്യവും ഉണ്ടാകുവാനായിട്ടുള്ള സാരമേറിയ ഒരു ബുദ്ധി ഉപദേശം.

എല്ലാ മനുഷ്യരും ചെറു പ്രായത്തിൽ തന്നെ ജ്ഞാനമെന്ന നിക്ഷേപത്തെ നേടി വെക്കേണ്ടതിന്നു പ്രത്യേകം താല്പൎയ്യപ്പെട്ട് ഉത്സാഹിക്കേണ്ടതാകുന്നു. അത എന്തെന്നാൽ ഒഴിഞ്ഞു പോകുന്നതായ ഈ ലോകത്തിലേ ദ്രവ്യസമ്പത്തിനെ ഓരോരുത്തൻ നേടി വച്ചു എന്നിരിക്കട്ടേ. അത ഓരോരോ പ്രകാരത്തിൽ നശിച്ചു പോകുന്നതും കള്ളന്മാരാലും മറ്റും നഷ്ടപ്പെടുന്നതും ആയി അതിനെ നാം കണ്ടു വരുന്നുണ്ടല്ലോ. ഈ ലോകധനം നേടിവച്ചവന്റെ ജീവകാലം അവസാനിക്കുന്നതിന്നു മുമ്പെ അത എല്ലാം നശിച്ചു പോയി ദരിദ്രനായി തീരുന്നു അതിനാൽ തന്നെ ഈ ലോകധനം ഏതുമില്ലെന്നും അത്രേ സാരമുള്ളതല്ലെന്നും ആയു ഏത പ്രകാരത്തിലെങ്കിലും നശിക്കപ്പെടുവാൻ കഴിയുന്നതാണെന്നും നമുക്കു തന്നെ അറിയാം.

എന്നാൽ ഇഹത്തിൽ നശിച്ചു പോകാത്ത ധനം മറ്റൊന്നുണ്ടു. അതായു ജ്ഞാനം തന്നേ. അതിനെ കള്ളന്മാരോ മറ്റോ കൊണ്ടു പോകയോ കൊട്ടുക്ക വാങ്ങൽ ഇത്യാദികളാൽ കുറഞ്ഞു പോകയോ ചെയ്യുന്നതല്ലാ. ജ്ഞാനമെന്ന നിക്ഷേപം ഒരുത്തൻ സംഗ്രഹിച്ചു വെച്ച അതിൽനിന്നു അനേകായിരം ആളുകൾക്ക വാരിക്കൊടുത്താലും ആ നിക്ഷേപപാത്രത്തിൽ മുമ്പിലുള്ളതിനേക്കാൾ എത്രയോ അനവധി വൎദ്ധിച്ചു കൂടുന്നതല്ലാതെ ഒരു ലേശം പോലും കുറവു വരുന്നതല്ല അതു ഏതുപ്രകാരമെന്നുള്ളതിനെ കുറിച്ചു ചില സാമ്യങ്ങൾ പറയാം.

ഒരു വിളക്കു തെളിയിച്ചു നിറുത്തി എന്നിരിക്കട്ടേ. അതിൽനിന്നു വേറെ ഒന്നിലേക്കു കത്തിച്ചു എടുത്താൽ അതുകൊണ്ടു മുമ്പുണ്ടായിരുന്ന പ്രകാശത്തിന്നു ഒരു പ്രകാരവും കുറവു വരുന്നതല്ലല്ലോ.

ഉറവയുള്ള കിണറുകളിൽനിന്നു വെള്ളത്തെ കുറെ കോരി എടുത്താൽ അത്രേ മേൽ വന്നു ചേരുന്നതല്ലാതെ വററി പോകുന്നതല്ലാ എന്ന കണ്ടറിവുണ്ടല്ലോ. അതുകൊണ്ടു നശിച്ചു പോകാത്ത ജ്ഞാനമെന്ന ഈ ധനത്തെ ഏവരും നേടുവാൻ ഉത്സാഹിക്കണം. സൎവ്വേശ്വരനായ ദൈവം ജ്ഞാനത്തിന്റെ വെളിച്ചത്തെ ഈ കാലത്ത എല്ലാ രാജ്യങ്ങളിലും അവരവൎക്ക അവരവരുടെ ഭാഷയിൽ വെളിപ്പെടുത്തി തന്നിരിക്കുന്ന കാലമാകുന്നു എന്നു ഓൎത്തു നോക്കിയാൽ നമുക്കു തന്നെ അറിയാം അത എന്തെന്നാൽ പൂൎവ്വകാലങ്ങളിൽ വേദങ്ങളും ശാസ്ത്രങ്ങളും മറ്റും എത്രയോ പ്രയാസപ്പെട്ടു ഓലയിലും അലേഖയിലും മറ്റും എഴുതി വന്നിരുന്നതല്ലാതെ അച്ചടിച്ചു ബുക്കുകളാക്കി കണ്ടിട്ടില്ലെന്നു തന്നേ പറയാം. ഈ കാലത്ത അച്ചടി എന്ന ഒരു സൂത്രം മൂലം വളരെ വളരെ പുസ്തകങ്ങൾ ഉണ്ടാക്കി വരുന്നു. എന്നു മാത്രമല്ലാ മുൻകാലത്ത അലേഖയിലും മറ്റും ആയി മറഞ്ഞു കിടന്നിരുന്നവയായ അനേക കീൎത്തനങ്ങൾ സ്തോത്രങ്ങൾ പുരാണങ്ങൾ ശാസ്ത്രങ്ങൾ മുതലായവയെയും പുസ്തകമാക്കി ചമച്ചതിനെ നമ്മുടെ കണ്ണുകൾ കൊണ്ടു കാണുന്നു ഈ വകയ്ക്കും ഇസ്കൂൾവകയ്ക്കും മറ്റും ആയി ആണ്ടു തോറും എത്രെയോ ആയിരം ഉറുപ്പിക ചിലവു ചെയ്തു വരുന്നു. ഇങ്ങിനെ ദയാലു ആയ നമ്മുടെ രാ. രാ. ബഹുമാനപ്പെട്ട മഹാരാജ്ഞി അവർകളെ എത്രയോ വണക്കത്തോടെ നാമെല്ലാവരും വന്ദനം ചൊല്ലേണ്ടതും മേല്ക്കുമേൽ ഐശ്വൎയ്യവും ദീൎഘായുസ്സും ശത്രുക്കളിൽനിന്നുള്ള ജയവും ഉണ്ടാകുവാനായിട്ടു സൃഷ്ടിസ്ഥിതി സംഹാര കൎത്താവായ സൎവ്വേശ്വരനോടു പ്രത്യേകം പ്രാൎത്ഥിക്കണം.

എന്നൊരു ജ്ഞാനബോധകൻ.

---

# SUMMARY OF NEWS.

## വൎത്തമാനച്ചുരുക്കം.

### ആസ്യ Asia.

### അബ്ഘാനസ്ഥാനം കാബൂൽ.

നൊവെമ്പ്ര ൨൪-നു രണ്ടു ഭൂകമ്പം ഉണ്ടായി. തഗോവാ നാട്ടിലെ ഛാബ് എന്ന സ്ഥലത്തിന്നു സൊഫികൾ എന്ന ജാതി കൊള്ളയിട്ടു ചില കുടിയാന്മാരെ കൊന്നതിനാൽ ഒരു പടയെ അവൎക്കു വിരോധമായി അയച്ചിരിക്കുന്നു. ൭൨-ാം പട്ടാളത്തിൽനിന്നു 54 പേർ രണ്ടു മണിക്കൂറോളം ഈരായിരം ശത്രുക്കളോടെതിൎത്തു നിന്നു ൨൭൦൦ വെടിവെച്ചിരുന്നു. ൨൩-നു ബാലഹിസ്സാർ എന്ന അരണ്ണിനെ (ചെറുകോട്ടയെ) നിരത്തി തീൎന്നിരിക്കുന്നു. വൎത്തമാനക്കമ്പി കാബൂലോളം തീൎന്നു എങ്കിലും മാററാന്മാർ കൂടക്കൂടെ കമ്പികളെ മുറിക്കുന്നതിനാൽ അൎക്കബിംബനത്താൽ (heliography) വൎത്തമാനം എത്തിക്കേണ്ടതിന്നു തക്ക കുന്നുകളെ നിശ്ചയിച്ചിരിക്കുന്നു. കൊൎന്നൽ മക്ഗ്രിഗർ ശസ്ത്രവൈദ്യനായ ബല്ലൂ, ഹായത്ത് ഖാൻ എന്നിവർ യാക്കൂബ് ഖാനെ കുററക്കാരനാക്കി തീൎക്കുന്ന ഓരോ സാരമുള്ള സംഗതികളെ കൂട്ടിച്ചേൎത്തു ഭാരതത്തിലെ മേൽക്കോയ്മയെ ഉണൎത്തിച്ചു. ആയവൎക്കു കാൎയ്യബോധം വരികയാൽ യാക്കൂബ് ഖാനെ ഭാരതത്തിൽ അയപ്പാൻ കല്പിച്ചിരിക്കുന്നു. ദിസെമ്പ്ര ൨-നു യാക്കൂബ് ഖാൻ ശേൎപ്പൂരിൽനിന്നു പുറപ്പെട്ടു 8-നു പെഷാവരിൽ എത്തി. അവനെ മീരത്തോളം കൊണ്ടു പോകുന്നു പോൽ. അവന്റെ അന്തഃപുരികമാർ (harem) കാബൂലിൽ ഇരിക്കും. 8-നു യാക്കൂബ് ഖാന്റെ അമ്മാവിയപ്പനായ മുസ്തൊഫിവജീർ അഹ്മൂഖാൻ എന്നവനും സഖരിയഖാൻ എന്നവനും കോയ്മത്തടവുകാരായി ഭാരതത്തിലേക്കു പുറപ്പെട്ടു പോയി.

യാക്കൂബ് ഖാന്റെ അമ്മാവിയപ്പന്റെ കയ്യിൽ രുസ്സ്യക്കോയ്മ അവന്നു സമ്മാനിച്ച ഒരു വെള്ളിചായപാത്രം കൂടാതെ രുസ്സ്യപ്രധാനമന്ത്രിയായ ഗൊൎച്ചക്കൊപ്പ് പ്രഭു ഒപ്പിട്ട പത്രങ്ങളും ഇംഗ്ലിഷ് കോയ്മെക്കു കിട്ടിയിരിക്കുന്നു. രുസ്സ്യക്കോയ്മ പുറമേ സ്നേഹഭാവം നടിച്ചിരിക്കേ 1873 ആം വൎഷം തൊട്ടു അബ്ഘാനരുടെ മനസ്സ് വശമാക്കുവാൻ പണിപ്പെട്ടിരിക്കുന്നു. എന്നു വേണ്ടാ ശേർ ആലി നമ്മുടെ കോയ്മയോടു അഹമ്മതിപ്പാൻ തുടങ്ങിയപ്പോൾ രുസ്സ്യക്കോയ്മ അവനോടു: ഭയപ്പെടേണ്ടാ ഇംഗ്ലിഷ്ക്കാൎക്കു കാബൂൽ പിടിക്കേണ്ടതിന്നു രണ്ടു വൎഷം വേണം എന്നു ആശ്വസിപ്പിച്ചു. ഈ രേഖകൾ ഉണ്ടാകയാൽ ഇനിമേൽ രുസ്സരുടെ ചക്കരവാക്കു വിശ്വസിപ്പാൻ പോരാ.

യാക്കൂബ് ഖാന്റെ അമ്മ മകൻ തടവുകാരൻ ആയി പോയതിനാൽ കോഹിസ്ഥാനക്കാരെ ദൂതന്മാരെ കൊണ്ടു ഇളക്കുവാൻ നോക്കുന്നു.

നൊവെമ്പ്ര ൨൩-നു ബാലഹിസ്സാരിനെ മുമ്പെ ആക്രമിച്ച പടയാളികൾ എട്ടു നാഴികയോളം കാബൂലിന്നു അടുത്തു അംഗ്ല പടയാളികളെ കണ്ടപ്പോൾ ഓടി പോയി എങ്കിലും ശക്തികൂട്ടി മൈതാന എന്ന സ്ഥലത്തെ പിടിപ്പാൻ നോക്കി. അന്നു തന്നെ ബെനബാദാനിലെ നിവാസികൾ പടത്തലവനായ ബേക്കരോടു ദ്രോഹം കാണിച്ചതിനാൽ അവൻ ആ ഊരിനെ എരിക്കയും സകലമുതലിനെയും നശിപ്പിക്കയും ചെയ്തു. ദിസെമ്പ്ര ൯-നു അബ്ഘാനപടയാളികളും മലവാസികളും മൈതാനകോട്ടയിലെ വാഴിയായ ഹുസ്സൈൻഖാനെ കൊന്നു അവന്റെ ശവം തറിച്ചു കളഞ്ഞു.

ദിസെമ്പ്ര ൧൦-നു കെത്തസഖർ എന്നു പേൎപ്പെട്ട തീവണ്ടിപ്പാതയിൽനിന്നു 63 ദിവസം കൊണ്ടു 63 നാഴിക പാൎത്തി വഴി തീൎന്നിരിക്കുന്നു. ൨൨-നു തുൎക്കിസ്ഥാനത്തിലെ വാഴിയായ ഗൊലാംഖാൻ ഇംഗ്ലിഷ്ക്കാരോടു വഴിപ്പെടാതെ 8 പീരങ്കിതോക്കുകളോടു സഞ്ചരിക്കുന്നതിനാൽ കോയ്മ കാശിംഖാനെ ആ നാട്ടിന്നു മൂപ്പനാക്കിയിരിക്കുന്നു. മുസ്കി അലം എന്നും മഹൊമെദ് ജാൻ എന്നും പേരുള്ള രണ്ടു ദ്രോഹത്തലവന്മാർ വലിയൊരു സൈന്യത്തെ ശേഖരിച്ചു ശേൎപ്പൂരിൽ തീൻ പണ്ടങ്ങളെ വരാതാക്കിയതു കൊണ്ടു സേനാപതിയായ മക്ഫേസ്സൻ അവരോടു ചെറുത്തുനിന്നും ആ സമയം ഒരു കൂട്ടം കുതിരപ്പടയാളികൾ കൊണ്ടു വരുന്ന 4 കാലന്തോക്കുകാരുടെ മേൽ 4000 ശത്രുക്കൾ വീണു കുതിരകളെ വെടിവെച്ചതിനാൽ കൊണ്ടു പോകുവാൻ വഹിയാതെ തീൎത്തുളകൾക്കു ആണി തറെച്ചു ശത്രുകൈയിൽ വിട്ടേണ്ടി വന്നു. ഉടനെ കൊൎന്നൽ മക്ഗ്രീഗർ കുതിരകാലാളുകളെ കൂട്ടി എതിരാളുകളെ പായിച്ചു കാലന്തോക്കുകളെ വിടുവിച്ചിരിക്കുന്നു. നാട്ടുകാർ അന്നു തന്നെ കാബൂലിലും ചുററുവട്ടത്തിലും ഒന്നായി ദ്രോഹിപ്പാൻ ഭാവിച്ചിരുന്നു. കാബൂലിൽ ആയുധം ധരിച്ച 30 കാബൂൽക്കാരെ പിടിച്ചു തടവിലാക്കി.

**വടക്കേ പടിഞ്ഞാറെ പകുപ്പു.** — ഒക്തൊബ്രു ൧൯ന്നു-ൽ നാഗമലകളിൽ മൊജമ നാഗർ എന്ന മലവാസികൾ ദമാന്ത് സായ്പി നെയും ഇരുപതു ശിപായ്കളെയും ആറു പൊലീസ്സ്കാരെയും കൊന്നുകളഞ്ഞിരിക്കുന്നു. കൊഹിമ എന്ന സ്ഥലത്തിൽ ഉണ്ടായ 130 ശിപായ്കളും രണ്ടു നായകന്മാരും കുഡുംബങ്ങളുമായി നാഗർ പിടിപ്പാൻ നോക്കിയതിനാൽ വേണ്ടുന്ന ശിപായ്കളും പൊലീസ്സ്കാരും അവരുടെ സഹായത്തിന്നായി യാത്രയാക്കി. കൊഹിമ സമഗതിങ്ങ് എന്നീ സ്ഥലങ്ങൾക്കിടേ ൭൦൦ നാഗർ തുണെക്കായി വരുന്നവരെ തടുക്കുവാൻ ഭാവിച്ചു എങ്കിലും സാധിച്ചില്ല. ഒക്തോബർ ൨൭ന്നു-കൊന്നൽ ജൊൻസ്തോൻ ൨൦൦ പടയാളികളുമായി കൊഹിമയിൽ എത്തി ൨൨ ദിവസം ശത്രുക്കളോടു എതിർത്തു നിന്നവരെ വിടുവിച്ചു ൩ നായകന്മാരും രണ്ടു മതാമ്മമാരും രണ്ടു കുട്ടികളും 537 നാട്ടുകാരും രക്ഷപ്പെട്ടു.

നൊവെമ്പ്ര ൨൨ന്നു- അങ്കാമിനാഗരുടെ കോട്ട ഗ്രാമമായ കൊനോമയോടു ശിപായ്കൾ ഏകദേശം 10 മണിക്കൂറോളം പോരാടി. 44 ശിപായ്കൾ പട്ടുപോയി. കോട്ടയിൽ 4000 നാഗർ ഉണ്ടായിരുന്നു. അവർ അൎദ്ധ രാത്രിക്കു പോയ്ക്കളഞ്ഞു. കോട്ടയിൽ അനവധി ധാന്യം ഇംഗ്ലിഷ്ക്കാരുടെ കൈയിൽ വന്നു. ഈ കൊനോമ 1844, 1850 എന്നീ കൊല്ലങ്ങളിലും പിടിപ്പെട്ടിരുന്നു.

൨൭ന്നു- നാഗർ വിട്ട ജോക സമഗ്രാമത്തെ ശിപായ്കൾ എരിച്ചു കളഞ്ഞു. 28ന്നു- ഫെസിമ എന്ന സ്ഥലത്തിൽ ഉണ്ടാക്കിയ മണക്കോട്ടയെ നാഗർ പിടിപ്പാൻ നോക്കി. ദിസെമ്പ്ര 2ന്നു- ജബ് ജതാഴ്വരയിൽ പടയാളികൾ നാഗരുടെ പടികളെ എരിച്ചു ഒരു കൂട്ടം കന്നുകാലികളെ കൈയിൽ ആക്കിയിരിക്കുന്നു.

**അഹമദാബാദ്.** — നൊവെമ്പ്രമാസത്തിൽ ഈ സ്ഥലത്തിൽ ബൊംബായി പൊലീസ്സ് അധികാരികൾക്കു ൫൦ ഉറുപ്പികയുള്ള ബൊംബായി സംസ്ഥാന ഹുണ്ടികകളെ കളവായി ഉണ്ടാക്കുന്ന ഓരാളെയും അവന്റെ ഉപകരണങ്ങളെയും ഇരുപത്തഞ്ചു ഹുണ്ടികകളെയും കണ്ടു കിട്ടിയിരിക്കുന്നു. അതിനാൽ ആ നാട്ടുകാൎക്കു വലിയ ഉപകാരം വന്നു.

**മദ്രാസ്സ്.** — ഈ സ്ഥലത്തിന്നടുക്കേ ൨൨ ഒക്തോബ്രു വലിയൊരു തീക്കപ്പൽ പാറമേൽ പാഞ്ഞു തകൎന്നു പോയി. വല്ലാത്ത ഒരു വലുകപ്പലിനെ പിടിച്ച ദിക്കിൽനിന്നു തെററിച്ചു എന്നൂഹിക്കുന്നു ആരും നശിച്ചിട്ടില്ല.

**ഗുന്തൂർ.** — നൊവെമ്പ്ര ൧൫ന്നു- ഒരു ചുഴലിക്കാററു വളരെ കേടു വരുത്തി. ഒങ്കോൽ ഖണ്ഡുക്കൂർ എന്നീതാലൂക്കുകളിൽ എല്ലാ ഏരികളുടെ ചിറ പൊട്ടുകയും പുഴകളും ബക്കിങ്ങം തോട്ടും കവിയുകയും ചില തറകൾ ഒട്ടുങ്ങുകയും പുഞ്ചകൃഷി നശിക്കയും ചെയ്തു.

**രാജമന്ത്രി.** — ബൊദിലൂർ അമ്മൽരട്ടി എന്ന ദ്രോഹത്തലവനെ പിടികിട്ടി. ചെന്നയ്യനാന്നൂറു കവൎച്ചക്കാരോടും അവിടവിടേ അലമ്പൽ ആക്കുന്നു. അവനെയും കൂട്ടരെയും തോല്പിച്ചാലും കാട്ടിൽ പോയ്ക്കളയുന്നു.

**പഞ്ചനദം.** — ഭഗവൽ പുരിയിലേ മഹാരാജാവിനെ നൊവെമ്പ്ര ൨൪ന്നു- വാഴിച്ചിരുന്നു.

**കാലികാത.** — ദിസെമ്പ്ര ൨൨ന്നു- ഉപരാജാവു അരമനെക്കെഴുന്നെള്ളുമ്പോൾ ഒരു യുരാസ്യൻ ഒരു പിത്തോക്കുനിന്നു അവരുടെ ശകടത്തിൽ രണ്ടു വെടിയും പിഞ്ചെല്ലുന്നതിൽ ഒരു വെടിയും വെച്ചു. ശ്രീ കൊല്ലി ഇതു കണ്ടു ശകടത്തിൽനിന്നു ചാടി ബാല്യക്കാരനെ പിടിച്ചു ഒരു പൊലീസ്ക്കാരന്റെ കൈയിൽ ഏല്പിച്ചു. ഇവൻ മുമ്പേ ഒരു ഭ്രാന്തു ശാലയിൽ പാൎത്തിരുന്നു എന്നും വെറിയും പിച്ചും കൂട്ടീട്ടു ഈ ചതികുലെക്കു തുനിഞ്ഞു എന്നും കേൾക്കുന്നു.

## യുരോപ Europe.

**രൂമിസ്ഥാനം.** — സുല്ത്താൻ വാശത്തപ്രകാരം തന്റെ സാംരാജ്യത്തെ നന്നായി ഭരിക്കായ്കയാൽ അംഗ്ലക്കോയ്മ ഒരു കൂട്ടം പോർ കപ്പലുകളെ മല്ത്താവിൽനിന്നു അയച്ചിരുന്നു. ഇനി ഒഴികഴിവു പറയുന്നതിന്നാവതില്ല എന്നു സുല്ത്താൻ കണ്ടു യുരോപയിലും ആസ്യയിലും തനിക്കു കീഴ്പെട്ട രാജ്യങ്ങളിൽ പുതു ക്രമങ്ങളെ നടത്തുവാൻ ഏററു (നൊവെമ്പ്ര ൧൯ന്നു-) അവറെറ നടപ്പാക്കുവാൻ ബേക്കർ പാഷാവിനെ മേധാവിയാക്കി കല്പിച്ചിരിക്കുന്നു. ഭാഷമതം മുതലായ ഭേദങ്ങളെ നോക്കാതെ എല്ലാ ചിററാസ്യക്കാർ പടയാളികൾ ആയ്തീരേണം എന്നു നിശ്ചയിച്ചിരിക്കുന്നു.

അല്ബാന്ന്യ. — മൊന്തെനെഗ്രീനക്കു അല്ബാന്ന്യയിൽനിന്നു ഒരു പങ്കു ഏല്പിക്കേണം എന്നു ബൎല്ലീനിലേ നിയമത്തിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നുവല്ലോ. നൊവെമ്പ്ര ൨൨നു അതിന്നായി തുനിയുന്ന അഹ്മെദ് മുക്താർ പാഷാവിനെ ഒരു കൂട്ടം അൎന്നൌതർ ഗുസിഞ്ഞെയിൽ കൊന്നു കളഞ്ഞു. ഡിസെമ്പ്ര ൬നു അൽബാനർ വെലേക്കയിലേ എന്ന ഇടത്തിൽ മൊന്തെനെഗ്രീനരോടു എതിൎത്തു തോററു എങ്കിലും ഇരുപക്ഷക്കാൎക്കു വളരെ ആളുകൾ പട്ടുപോയി പോൽ.

ഇംഗ്ലന്തു. — പട്ടു പോയ അബെസ്സീന്യ മന്നനായ ഥെയൊദോരിന്റെ മകൻ അലമായ്യ നൊവെമ്പ്ര ൧൫നു ലീഡ്സിൽ മരിച്ചു പോയി ചക്രവൎത്തിനി തമ്പുരാട്ടിയവൎകൾ വിന്ദ്സരിലേ രാജകൊമ്മയിന്നടുത്ത നിലയറയിൽ അവനെ അടക്കം ചെയ്യേണ്ടതിന്നു അരുളിയിരിക്കുന്നു.

ഐൎല്ലന്തിൽ ദ്രോഹമുള്ള സംഭാഷണ നിമിത്തം ചില പുള്ളിക്കാരെ തടവിൽ ആക്കുകയും ഓരോ മത്സരകലകൾ ഹേതുവായി ഇംഗ്ലന്തിൽനിന്നു പടകളെ അയക്കയും ചെയ്തിരിക്കുന്നു.

ഹിസ്പാന്യ ഒക്തോബർ ൧൪നു രാത്രിയിൽ അറഞ്ഞു മഴ പെയ്തതിനാൽ മുൎസ്സ്യ (Murcia) എന്ന താഴ്വരയുടെ മേൽ അംശങ്ങളിൽ ഓരോ ആണാറു നിറഞ്ഞു സെഗുര മുന്ദോ എന്നീ പുഴകൾ നിറഞ്ഞു അണിക്കെട്ടുകളെ പൊട്ടിച്ചു മുൎസ്സ്യതാഴ്വരയെ ഒരു വലിയ പൊയ്കയായി മാററിയിരിക്കുന്നു. 90,000 നിവാസികളുള്ള മുൎസ്സ്യ നഗരത്തിന്റെ ഉപനഗരങ്ങൾ മുങ്ങി 1000 വീടുകളും 500 ആളുകളും നശിച്ചു 19,000 ആളുള്ള ലൊൎക്കയും 53,000 ആത്മാക്കളുള്ള ഒരിഹ്വ്യേ വേലയും മുങ്ങിയതിനാൽ വീടുകൾക്കും പള്ളികൾക്കു വളരെ കേടു തട്ടി ഏറിയ ആളുകളും നശിച്ചിരിക്കുന്നു. വെള്ളം ഭയങ്കരമായി കയറിയതു കൊണ്ടു രാത്രിയിൽ വാഴ്ച്ചവിളക്കുകളും കെട്ടു അമാവാസി അടുക്കയാൽ ഇരുൾ തട്ടിയതു കൂടാതെ കൊടുങ്കാററു ഊററത്തോടെയടിച്ചിരുന്നു. ചില ഗ്രാമങ്ങളുടെ വീടു തറകളേ കാണുന്നുള്ളു കന്നുകാലി തട്ടുമുട്ടു നവധാന്യാദികൾ ഇത്യാദികൾ പെരുത്തു ഒലിച്ചു പോയി ഏറിയവർ ഇരപ്പാളികളായി തീരുകയും ചെയ്തു.

(Mail. Oct. 24. 1879).

നൊവെമ്പ്ര ൨൯നു അൽഫൊൻസോ രാജാവു മദ്രിദിൽ വെച്ചു മറിയ ക്രിസ്തീന എന്ന ഔസ്ത്രിയ മഹാപ്രഭുസ്ത്രീയെ പാണിഗ്രഹം ചെയ്തിരിക്കുന്നു.

രുസ്സ്യ. — രുസ്സർ കൌകസ് തുൎക്കിസ്ഥാനം എന്നീരണ്ടു വഴിയായി ഓരോ സൈന്യങ്ങളെ അബ്ഘാനസ്ഥാനത്തിൽ അയപ്പാൻ ഭാവിക്കുന്നു പോൽ. തുൎക്കോമന്നരുടെ കൈയിൽനിന്നു തോല്വ അനുഭവിച്ച രുസ്സർ അവരുടെ രാജ്യം പിടിച്ചിട്ടു വേണമല്ലോ അതിൽ കൂടി കടപ്പാൻ. ഒക്തോബ്ര ൨൨നു-യിലേ വൎത്തമാന പ്രകാരം 30,000 രുസ്സപടയാളികൾക്കു മദ്ധ്യാസ്യയിലേക്കു പോവാൻ കല്പന കിട്ടിയിരിക്കുന്നു എന്നാൽ കുളിർ കൊണ്ടു പാടില്ലാതെ വന്നു. ഡിസെമ്പ്ര ൨നു രുസ്സ്യചക്രവൎത്തി തീവണ്ടിവഴിയായി മൊസ്ക്കാവിലെക്കെഴുന്നെള്ളുമ്പോൾ ഒരു പൊട്ടി തെറിപ്പു സംഭവിച്ചതെങ്ങനെ എന്നാൽ: ചില നാസ്തികമതക്കാർ ചക്രവൎത്തി ഈ വഴിയായി വരുന്ന വൎത്തമാനം അറിഞ്ഞു ഒരു വീടു കൂലിക്കു വാങ്ങി തീവണ്ടി പാതയടിയോളം കന്നവും അതിൽ വെടിമരുന്നും ഇട്ടു ചക്രവൎത്തി കടക്കുന്നു എന്നു വിചാരിച്ച തീവണ്ടിവലി വന്നപ്പോൾ തീ കൊടുത്തു അതിനെ തെറിപ്പിച്ചിരിക്കുന്നു. നിശ്ചയിച്ച പ്രകാരം അല്ല മാറീട്ടത്രേ വണ്ടികൾ ഓടിയതിനാൽ ചക്രവൎത്തി ദൈവകരുണയാൽ തെററിപ്പോയിരിക്കുന്നു. അവർ ൫നു പിന്നേയും സുഖേന സൻപെതൎസ്സ്ബുൎഗ്ഗിൽ എത്തിയിരിക്കുന്നു.

## ആഫ്രിക്കാ Africa.

സുപ്രത്യാശമുന. — ബൂൎസ്സ് എന്ന ലന്ത കുടിയേററക്കാൎക്കു ഇംഗ്ലിഷ് കോയ്മയെ അനുസരിപ്പാൻ മനസ്സില്ല പോൽ, കീഴ്പെട്ടിട്ടേ കഴിയൂ എന്നു ശ്രീ ഗാൎന്നത്ത് വൂൽസ്‌ലേ അവൎക്കു ഉത്തരം കല്പിച്ചിരിക്കുന്നു. (സെപ്ത. 30നു). നാതാലിലേ ദൎബ്ബൻ, മൊസമ്പിക്, സൻസിബാർ എന്നീ സ്ഥലങ്ങൾക്കിടേ വൎത്തമാനക്കമ്പി തീൎത്തിരിക്കുന്നു. ദൎബ്ബനിൽനിന്നു ഏദനിലേക്കു (aden) കമ്പിവൎത്തമാനം അയപ്പാൻ തക്കവണ്ണം കടൽനിലക്കമ്പിയിട്ടു തീൎത്തിരിക്കുന്നു.

## തെൻ അമേരിക്കാ South America.

നൊവെമ്പ്ര ൨൫നു ചീലിക്കാൎക്കു പെരുക്കാൎക്കും ബൊലിവ്യക്കാൎക്കും ആയി നടന്ന യുദ്ധത്തിൽ ചീലിക്കാർ ജയം കൊണ്ടു ഒരു പോർകപ്പലിനെയും ൨൭നു-യിൽ ഇക്കിക് നഗരത്തെയും പിടിച്ചു. പിന്നെ ഡിസെമ്പ്ര ൪നു തരപാക്കാവിൽ വെച്ചു ഇരു സൈന്യങ്ങളെ തോല്പിച്ചു അരീക്ക നഗരത്തെ വളഞ്ഞിരിക്കുന്നു.

Printed at the Basel Mission Press, Mangalore.

THE

# Kéralópakári for 1880.

The number of Subscribers having not increased last year in proportion to the increased size of the paper, the Kéralópakári will henceforth be published in monthly parts of 16 pages with wrapper.

All who intend to subscribe for this Magazine for 1880 are requested to forward their subscriptions to the one or other of the undermentioned persons before the close of this month. For Terms of Subscriptions see title-page.

## ൧൮൮൦ആമതിലെ
# കേരളോപകാരി

കഴിഞ്ഞ വൎഷത്തിൽ കേരളോപകാരിക്കു വരുത്തിയ വണ്ണപ്രകാരം കൈയ്യൊപ്പുകാർ പെരുകായ്കയാൽ ൧൮൮൦ആമതിലേ കേരളോപകാരിക്കു മാസന്തോറും പൊതിപ്പു കൂടിയ പതിനാറീതു ഭാഗമുള്ള പ്രതികളെ അച്ചടിച്ചു പോകുന്നു.

൧൮൮൦ാം വൎഷത്തിൽ ഈ പത്രത്തെ വാങ്ങുവാൻ മനസ്സുള്ളവർ ഈ മാസം കഴിയുമ്മുമ്പെ താഴേ പറഞ്ഞു ബോധിച്ച സ്ഥലങ്ങൾ ഒന്നിൽ കൈയ്യൊപ്പും പണവും ഒപ്പിക്കേണ്ടതിന്നു അപേക്ഷിക്കുന്നു. പത്രത്തിന്റെ വിലയെക്കുറിച്ചു പൊതിപ്പിന്റെ മുൻഭാഗം നോക്കേണ്ടതു.

---

The Publications of the Basel Mission Press may be obtained at the following Depôts:

ബാസൽ മിശ്ശൻ അച്ചുകൂട്ടത്തിൽനിന്നടിച്ച പ്രസിദ്ധമാക്കിയ രചനകൾ വിറ്റുവരുന്ന സ്ഥലങ്ങളാവിതു:

| | |
|---|---|
| മംഗലപുരം . . . | മിശ്ശൻ പുസ്തകഷാപ്പു (*Book & Tract Depository*) |
| കണ്ണനൂർ . . . | മിശ്ശൻ ഷാപ്പിൽ (*Mission Shop*) |
| തലശ്ശേരി. . . | ശ്മോൽക്കു ഉപദേഷ്ടാവു (*Rev. W. Schmolck*) |
| ചോമ്പാല . . . | ലിന്തർ ഉപദേഷ്ടാവു (*Rev. C. Linder*) |
| കോഴിക്കോട്ടു . . . | ഷോൿ മതാമ്മ (*Mrs. Schoch*) |
| കടക്കൽ . . . . | വാഗനർ ഉപദേഷ്ടാവു (*Rev. G. Wagner*) |
| പാലക്കാട്ടു. . . | രൂലന്തു ഉപദേഷ്ടാവു (*Rev. A. Ruhland*) |
| കോട്ടയം . . . . | ചൎച്ചമിശ്ശൻ പുസ്തകശാല (*C. M. Book Depôt*) |
| തിരുവിതാങ്കോട്ടു . . | മെററിയർ ഉപദേഷ്ടാവു (*Rev. S. Mateer*) |

---

# ALMANAC. January 1880.

## പഞ്ചാംഗം

ധനു ൧൮—മകരം ൧൯. ൧൦൫൫.

| ഇംഗ്ലീഷ് | | മലയാളം | | കൊല്ലം ൧൦൫൫ | | | | വിശേഷദിവസങ്ങൾ |
|---|---|---|---|---|---|---|---|---|
| തിയ്യതി | ആഴ്ച | തിയ്യതി | മാസം | നക്ഷത്രം | | തിഥി | | |
| 1 | വ്യാ | ൧൮ | ധനു. | ആ | ൧൫ II | ച | ൪൮ . | ആണ്ടുപിറപ്പു. |
| 2 | വെ | ൧൯ | | മ | ൧൬ I | പ | ൪൬ I | |
| 3 | ശ | ൨൦ | | പൂ | ൧൬ | ഷ | ൪൪ II | ഷഷ്ഠിവ്രത. |
| 4 | ഞ | ൨൧ | മാർഗ്ഗശിര കൃഷ്ണപ. | ഉ | ൧൪ I | സ | ൪൧ | |
| 5 | തി | ൨൨ | | അ | ൧൧ II | അ | ൩൬ III | |
| 6 | ചൊ | ൨൩ | | ചി | ൮ II | ന | ൩൧ III | പ്രകാശന ദിനം. കൊട്ടവാ |
| 7 | ബു | ൨൪ | | ചോ | ൪ II | ദ | ൨൫ II | യ്യൂർ തേർ. |
| 8 | വ്യാ | ൨൫ | | വി | I | ഏ | ൧൯ II | തൃത്താല ഉ. ഏകാദശിവ്രതം. |
| 9 | വെ | ൨൬ | | തൃ | ൫൬ | ദ്വാ | ൧൩ | പ്രദോഷവ്രതം. |
| 10 | ശ | ൨൭ | | മൂ | ൫൧ III | ത്ര | ൬ III | [സി· |
| 11 | ഞ | ൨൮ | ● | പൂ | ൪൭ III | പ | II | പ്ര. ക. ൧൦ ഞ. അമാവാ |
| 12 | തി | ൨൯ | | ഉ | ൪൪ III | പ്ര | ൫൬ | ൪൫ നാ. സ. പൊങ്ങ· സൂ. ത്ര. |
| 13 | ചൊ | ൧ | ൧൦൫൫ | തി | ൪൨ I | ദ്വി | ൫൧ II | കടമ്പേരി. ഉ, ൧൪ നാൾ. |
| 14 | ബു | ൨ | | അ | ൪൦ III | തൃ | ൪൮ I | പുഴാതി ഉ. ൭ നാൾ. അക്കി |
| 15 | വ്യാ | ൩ | പുഷ്യ ശു. പ. | ച | ൪൦ II | ച | ൪൬ I | യത്തു ഉ. ൨ നാൾ. |
| 16 | വെ | ൪ | | പൂ | ൪൧ I | പ | ൪൬ | വയത്തൂർ ഊട്ടു. |
| 17 | ശ | ൫ | | ഉ | ൪൩ II | ഷ | ൪൬ II | ഷഷ്ഠിവ്രതം. |
| 18 | ഞ | ൬ | | രേ | ൪൬ II | സ | ൪൮ II | പ്രകാശനദിനം ൨൦ ഞ, |
| 19 | തി | ൭ | | അ | ൫൧ | അ | ൫൧ II | |
| 20 | ചൊ | ൮ | | ഭ | ൫൫ III | ന | ൫൫ II | |
| 21 | ബു | ൯ | | ഭ | ൧ | ന | ൬൦ | അഞ്ജെസ് അമ്മനാൾ. |
| 22 | വ്യാ | ൧൦ | | കാ | ൬ III | ദ | ൪ III | |
| 23 | വെ | ൧൧ | മകരം. | രോ | ൧൨ III | ഏ | ൯ III | വൈകുണ്ഠ ഏകാദശി. |
| 24 | ശ | ൧൨ | | മ | ൧൮ I | ദ്വാ | ൧൪ II | മകടദേ. ശനിപ്ര. |
| 25 | ഞ | ൧൩ | | തി | ൨൩ II | ത്ര | ൧൮ II | പൌലിൻ മാനസാന്തരനാൾ. |
| 26 | തി | ൧൪ | | പു | ൨൮ | പ | ൨൨ | |
| 27 | ചൊ | ൧൫ | ○ | പൂ | ൩൧ II | വ | ൨൫ I | പൌൎണ്ണമാസി. |
| 28 | ബു | ൧൬ | പു. കൃ. പ. | ആ | ൩൪ III | പ്ര | ൨൫ II | |
| 29 | വ്യാ | ൧൭ | | മ | ൩൫ II | ദ്വി | ൨൫ II | |
| 30 | വെ | ൧൮ | | പൂ | ൩൫ III | തൃ | ൨൪ I | |
| 31 | ശ | ൧൯ | | ഉ | ൩൪ III | ച | ൨൧ III | |

Archivfilm
vorhanden
4. 40

# കേരളോപകാരി

## AN ILLUSTRATED MALAYALAM MAGAZINE.

Vol. VII. JANUARY 1880. No. 1.


## THE NEW YEAR 1880.

## 1880ആം ആണ്ടുപിറപ്പു.

Daniel i. ദാനിയേൽ ൧.

ജീവനുള്ള ദൈവത്തിന്റെ ആൎദ്രകരുണകളാൽ മറെറാരു വൎഷാരംഭത്തെ കാണേണ്ടതിന്നു ഇടവന്നു. നാം എല്ലാവരും സഞ്ചാരികൾ എന്നു മറക്കേണ്ടാ. യാത്രാവസാനത്തിൽ ശരീരം മണ്ണോടു ചേരുകയും നമ്മുടെ ആത്മാവു സൎവ്വസൃഷ്ടിയെ ന്യായം വിസ്തരിപ്പാൻ അധികാരമുള്ള ദൈവപുത്രനായ യേശുക്രിസ്തന്റെ മുമ്പിൽ ഒരുങ്ങുകയും വേണം. എന്നാൽ അന്നു പൊള്ളരും ചപ്പരും പുല്ലരും പൂതലിച്ചവരുമായിട്ടല്ല ക്രിസ്തനാൽ സാരമാക്കപ്പെട്ടവരായി വിളങ്ങേണ്ടതിന്നു നാം ഈ ദുഷ്ടലോകത്തിൽ നമ്മുടെ മുമ്പിലുള്ള പോരും പാച്ചലും അനിന്ദ്യരായി തികെക്കേണ്ടതു. പൂൎവ്വകാലത്തിൽ ദാന്യേലും മററു മൂന്നു കുലീന ബാല്യക്കാരും അന്യാധീനത്തിൽ ഉള്ള ബദ്ധരായിരിക്കെ നാടോടുമ്പോൾ നടുവേ എന്ന പതിയൻ മനസ്സു നിരസിച്ചു എല്ലാററിൽ ദൈവത്തിന്റെ കല്പനയെയും പ്രസാദത്തെയും പ്രമാണം ആക്കി നല്ല പോർ പൊരുതു ജയിച്ചു തങ്ങളുടെ ഭക്തിയനുസരണങ്ങൾക്കു തക്ക പ്രതിഫലം ലഭിക്കയാൽ നാമും ഇങ്ങനേത്തവരുടെ വിശ്വാസധീരതകളെ കുറിക്കൊണ്ടു അവരിൽനിന്നും ശേഷം സത്യദൈവഭക്തരിൽനിന്നും പഠിച്ചു യേശുക്രിസ്തന്റെ കാൽവട്ടുകളിൽ പിഞ്ചെന്നു ഒഴിഞ്ഞുപോകുന്ന ലോകത്തെയും അതിന്റെ മോഹത്തെയും തള്ളി യാചിക്കുന്ന ഏവൎക്കും ദൈവത്തിൽനിന്നു സൌജന്യമായി കിട്ടുന്ന കൃപാമൂലം ദിവ്യപ്രസാദസമ്മതിയുള്ളവരായി തീരേണമേ. അതിന്നായി ഉണ്ടാക്കിയ പാട്ടു എല്ലാവരും ദയയോടെ കൈക്കൊള്ളേണമേ.